# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നിറമരുതൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 15/2637/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/12/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 15/2637/25 തീയ്യതി: 06/12/2025

## മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-10-2024 മുതൽ 29-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശ്റഫ് പെരുമ്പള്ളി കെ.എ.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 30-10-2025 | 07-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 30-10-2025 | 07-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. റിഷിൽ പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സിന്ധു ഐ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത ഒ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജസ്ന എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഇസ്മയിൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. പ്രീത ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീ. ബോബി ഫ്രാൻസിസ് | സെക്രട്ടറി | 29-04-2024 | 12-05-2024 |
| ശ്രീമതി. പ്രിൻസി പി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-05-2024 | 23-05-2024 |
| ശ്രീ. ബോബി ഫ്രാൻസിസ് | സെക്രട്ടറി | 24-05-2024 | 01-06-2024 |
| ശ്രീമതി. പ്രിൻസി പി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-06-2024 | 17-06-2024 |
| ശ്രീ. ബോബി ഫ്രാൻസിസ് | സെക്രട്ടറി | 18-06-2024 | 07-09-2024 |

| | | | |
|---|---|---|---|
| ശ്രീമതി. പ്രീത ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2024 | 09-10-2024 |
| ശ്രീ. സനിൽകുമാർ ജി | സെക്രട്ടറി | 10-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രീത ടി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2024 | 16-10-2024 |
| ശ്രീമതി. അജിതകുമാരി കെ കെ | അസിസ്റ്റൻറ് സെക്രട്ടറി | 17-10-2024 | 31-03-2025 |
| ശ്രീ. സുരേഷ് ബാബു ടി കെ | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 01-04-2024 | 02-05-2024 |
| ശ്രീ. സുദീപ് ടി വി | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 03-05-2024 | 07-07-2024 |
| ശ്രീമതി. പൗർണ്ണമി | അസിസ്റ്റന്റ് എഞ്ചിനീയർ | 08-07-2024 | 31-03-2025 |
| ഡോ. ഹാഷിം പി പി | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2024 | 31-03-2025 |
| ഡോ. സൗമ്യ മുരളീധരൻ | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. അഞ്ജു | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ലിമ | മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. ബുഷറ | മെഡിക്കൽ ഓഫീസർ (ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി. അനഘ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| ശ്രീ. അനീഷ് കുമാർ എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. വിബിത | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 08-08-2024 |
| ശ്രീമതി. ശ്രീജ പി ജെ | ഐ സി ഡി എസ് സൂപ്പർവൈസർ | 09-08-2024 | 31-03-2025 |
| ശ്രീമതി. മിൻഷ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ലത | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-4 |
| 6 | ഗ്രാമപഞ്ചായത്ത് ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്/പാസ്സ് ബുക്ക്/റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-5 |
| 7 | എ.സി.ആർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | പഞ്ചായത്ത് ഹാളിന്റെ വാടകവിവരങ്ങൾ ലഭ്യമാക്കിയില്ല | 1-1-7 |
| 9 | രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ഹെൽത്ത് ഗ്രാന്റ്- വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 20 | ജലജീവൻമിഷൻ-അവലോകനം | 1-12 |
| 21 | പലിശരഹിത അക്കൗണ്ടുകളിൽ വൻ തുക നീക്കിയിരിപ്പ് അവശേഷിക്കുന്നു.പലിശ ഇനത്തിൽ വരുമാന നഷ്ടം | 1-13 |
| 22 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 23 | ജീവനക്കാരുടെ/കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 24 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 25 | ആയുഷ് പി.എച്. സി (ഹോമിയോപതി)യുടെ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 1-17 |
| 26 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - നികുതി ഇനത്തിൽ വരുമാന നഷ്ടം | 1-18 |
| 27 | കെ. എം. എസ്. സി. എല്ലിൽ നിന്നും മുഴുവൻ മരുന്നും ലഭ്യമായില്ല. | 1-19 |
| 28 | ശുചിത്വ ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല | 1-20 |
| 29 | സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-21 |
| 30 | എം.സി.എഫിന് വാടക നല്കൽ- വിവരം ലഭ്യമല്ല | 1-22 |
| 31 | വരൾച്ച ദുരിതാശ്വാസ പദ്ധതി-കുടിവെള്ള വിതരണ-അപാകങ്ങൾ | 1-23 |
| 32 | ഐ.ആർ.ടി.സിയ്ക്ക് തുക കൈമാറൽ-പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് | 1-24 |
| 33 | ഐ.കെ.എം ന് വിഹിതം നല്കൽ-കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 34 | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല | 1-26 |
| 35 | ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരം VEELസോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല | 1-27 |

| | | |
|---|---|---|
| 36 | മാലിന്യ സംസ്കരണം-റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല | 1-28 |
| 37 | സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ | 1-29 |
| 38 | ചെലവു രേഖകൾ പരിശോധനയ്ക് ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 39 | വനിതകൾക്ക് ഫിറ്റ്നസ് സെന്റർ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-31 |
| 40 | മെൻസ്ട്രുവൽ കപ്പ് - ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-32 |
| 41 | പോസ്റ്റൽ സ്റ്റാമ്പ് വാങ്ങൽ-സ്റ്റോക്ക് വിവരം ലഭ്യമല്ല | 1-33 |
| 42 | സ്പോർട്സ് കിറ്റ് വിതരണം-അപാകങ്ങൾ | 1-34 |
| 43 | ചെലവ് രേഖകൾ പരിശോധനയ്ക് ലഭ്യമാക്കിയില്ല | 1-35 |
| 44 | വർക്കിംഗ് ഗ്രൂപ്പുകൾ – പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-36 |
| 45 | അഗ്രോ ഫാർമസി- മരുന്നു വാങ്ങൽ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-37 |
| 46 | കൃത്യത കൃഷി പ്രോൽസാഹനം:വിശദാംശങ്ങൾലഭ്യമാക്കേണ്ടതാണ്. | 1-38 |
| 47 | സ്മാർട് അംഗണവാടി നിർഹണത്തിലെ അപാകതകൾ | 1-39 |
| 48 | കോക്ലിയാർ ഇംപ്ലാന്റേഷൻ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-40 |
| 49 | ഫ്രിഡ്ജ് വാങ്ങിയത്- സ്റ്റോക്ക്/ വിതരണ/കൈപറ്റ് വിവരങ്ങൾ ലഭ്യമല്ല | 1-41 |
| 50 | കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല – നഷ്ടം 90307 രൂപ | 1-42 |
| 51 | റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി | 1-43 |
| 52 | മുട്ടഞ്ചേരി പാലം നിർമ്മാണം- ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് പണം അനുവദിച്ചു | 1-44 |
| 53 | കാളാട് അങ്കണവാടി (നമ്പർ 105) അറ്റകുറ്റപണി - അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ മോട്ടോർ പമ്പ് സെറ്റ് പ്രവൃത്തിയിൽ സ്ഥാപിച്ചിട്ടില്ല. | 1-45 |
| 54 | പ്രവൃത്തികളുടെ മേൽ ഇൻഷൂറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-46 |
| 55 | അങ്കണവാടി (നമ്പർ 113) അറ്റകുറ്റപണി - അപാകത | 1-47 |
| 56 | റോഡ് അനുബന്ധ പ്രവൃത്തി - എസ്റ്റിമേറ്റ് MoRD SORൽ തയ്യാറാക്കിയില്ല | 1-48 |
| 57 | ഡ്രൈനേജുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു. | 1-49 |
| 58 | എസ്.എസ്.കെ പദ്ധതി- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല-മറ്റ് അപാകതകൾ | 1-50 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ്. | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ. | 4-7 |
| 8 | ഓഡിറ്റ് റിക്കവറി. | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 21/24-25/05.11.25 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.07.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 23.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
06.12.2025

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 62(2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 21/24-25/05.11.25 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase/(Decrease) In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (-914040/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-13053631/-) തുല്യമല്ല. ഓഡിറ്റ് എൻക്വയറി നം. 21/24-25/05.11.25 ന് മറുപടി

ലഭ്യമാക്കിയില്ല.

## 1-1-4 രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ താഴെ പറയുന്ന ഇനങ്ങളുടെ വാർഷിക കണക്കിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഓഡിറ്റ് എൻക്വയറി നം. 21/24-25/05.11.25 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഇനം |
|---|---|
| 1 | തൊഴിൽ നികുതി രജിസ്റ്റർ - ജീവനക്കാർ |
| 2 | തൊഴിൽ നികുതി രജിസ്റ്റർ - ട്രേഡേഴ്സ് |
| 3 | സ്ഥാപന തൊഴിൽ നികുതി |
| 4 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ |
| 5 | ലൈസൻസ് ( For Factories,Traders & Enterpreneuors ) |
| 6 | ബിൽഡിംഗ് പെർമിറ്റ് |
| 7 | ബിൽഡിംഗ് റെഗുലറൈസേഷൻ |

## 1-1-5 ഗ്രാമപഞ്ചായത്ത് ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്/പാസ്സ് ബുക്ക്/റി കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെ സൂചിപ്പിച്ച ഗ്രാമ പഞ്ചായത്ത് ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്/ റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ഓഡിറ്റ് എൻക്വയറി നം. 15/24-25/05.11.25 ന് മറുപടി ലഭ്യമാക്കിയില്ല

| ക്രമ നം. | ബാങ്ക് & അക്കൗണ്ട് നമ്പർ | RP 40 (B) പ്രകാരം ബാലൻസ് തുക (രൂപ) |
|---|---|---|
| 1 | എസ് ബി ഐ 10611583563 | 1461 |
| 2 | എസ് ബി ഐ 1061583450 | 0 |
| 3 | IDBI 0749104000220781 | 0 |
| 4 | Treasury 799010400003551 | 0 |

2. താഴെ സൂചിപ്പിച്ച ഗ്രാമ പഞ്ചായത്ത് ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | ബാങ്ക് & അക്കൗണ്ട് നമ്പർ | RP 40 (B) പ്രകാരം ബാലൻസ് തുക (രൂപ) |
|---|---|---|
| 1 | NSCB CFLTC 5372 | 11511 |
| 2 | Other Cooperative Bank 2721 | 18499 |
| 3 | Treasury Savings Bank 715051400000002 | 0 |
| 4 | Union Bank 5509002010001708 | 0 |
| 5 | SBI 10611583507 | 350853 |

## 1-1-6 എ.സി.ആർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന ഫണ്ടിലെ എ.സി.ആർ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ) പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് **[(B-3 Of 2024-25) – (B-3 Of 2023-24) + I-6]** | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 29824917 [24696535+ 5128382 Source Deduction] | 29425169 [1899739-0+ 27525430] | 399748 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 5040296 | 4801575 | 238721 |
| CFC Tied | 6013009 | 5920704 [3021508-2755537+ 4487118+1137615(CFC Performance Grant)] | 92305 |
| CFC Untied | 4904349 | 4836295 [7127136-2969970+679129] | 68054 |

ഓഡിറ്റ് എൻക്വയറി നം. 21/24-25/05.11.25 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-7 പഞ്ചായത്ത് ഹാളിന്റെ വാടകവിവരങ്ങൾ ലഭ്യമാക്കിയില്ല

ഷെഡ്യൂൾ RP – 3 (R) Rental Income From Panchayath Properties – Rent From Auditorium And Hall എന്ന ഇനത്തിൽ (Head 130300101) 10,000/- രൂപ വരവുണ്ട്. ആയത് പരിശോധിക്കുന്നതിനാവശ്യമായ റെന്റ് രജിസ്റ്റർ, മറ്റു രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം. 21/24-25/05.11.25 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-8 രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ RP – 4 (R) Fees & User Charges – Licence Fee For Domestic Dogs And Pigs എന്ന ഇനത്തിൽ (Head 140110109) 300/- രൂപ വരവുണ്ട്. എന്നാൽ 29.09.2023 ന് ശേഷം പ്രസ്തുത രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 21/24-25/05.11.25 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-2 ബജറ്റ്

| 2024 – 25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024 – 25 ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1/1, 07.02.2024 | 1/1, 20.03.2025 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 26640749 |
| വരവ് | 72438434 |
| ആകെ | 99079183 |
| ചെലവ് | 73352474 |
| നീക്കിയിരിപ്പ് | 25726709 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 26299618 | 26299618 | 24696535 | 1603083 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3746787 | 3746787 | 3746787 | 0 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 6769000 | 6769000 | 5040296 | 1728704 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6016000 | 6016000 | 5679905 | 336095 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 12524597 | 12524597 | 6013009 | 6511588 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 5295466 | 5295466 | 4904349 | 391117 |

(ബി) AFS – I-14(d) പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 55271300 | 55271300 | 55271300 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 292 | 258163146 | 205 | 90324217 | 0 | 11 | 70.2 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1581180 | 1581180 | 1581180 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 0 | 16320234 | 16320234 | 16320234 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 29419200 | 1532 |
| കർഷകതൊഴിലാളി പെൻഷൻ | 524800 | 32 |
| വിധവാപെൻഷൻ | 18234800 | 949 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 228800 | 11 |
| വികലാംഗപെൻഷൻ | 6683700 | 348 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.11.2025 ന് 11.55 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5515/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി, വി.ഇ.ഒ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലിംഗ് ക്രമ പ്രകാരമല്ല ചെയ്തിരിക്കുന്നത്. പദ്ധതി ഫയലുകളിൽ ചെലവ് രേഖകൾ അപൂർണ്ണമായി വച്ചത് കാരണം പരിശോധനക്ക് ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളിൽ ചെലവ് രേഖകൾ പൂർണ്ണമായി ഉൾപ്പെടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.1.
2. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. സെക്രട്ടറി, വി.ഇ.ഒ എന്നീ നിർവഹണ ഉദ്യോഗസ്ഥർ ക്രമ പ്രകാരമല്ല സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്.
3. മറ്റ് സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്ക് പേമെന്റ് അനുവദിക്കുമ്പോൾ അവരിൽ നിന്നും ആദായനികുതി (TDS) പിടിക്കുന്നില്ല.
4. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തിയത് വഴി വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്.
5. പ്രൊക്യുവർമെന്റ് മാർഗ്ഗരേഖ (ജി. ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010) പാലിക്കാതെ വാങ്ങൽ നടത്തിയിട്ടുണ്ട്.
6. സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ ചുമതലകൾ കൃത്യമായി നിർവഹിക്കുന്നില്ല.
7. മരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കാതെ കരാറുകാർക്ക് പേമെന്റ് അനുവദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.2022 | 2022 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ | 26.09.2022 |
| എ.ജി ഓഡിറ്റ് | 05.07.2009 | 2004-05 മുതൽ 2008-09 വരെ | 25.11.2009 |

## 1-11 ഹെൽത്ത് ഗ്രാന്റ്- വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി നിറമരുതൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം-1 പ്രകാരമുള്ള ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

1) <u>2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം</u>

| വർഷം | സ്കീം-1 | സ്കീം-3 | സ്കീം-4 |
|---|---|---|---|
| 2021-22 | NIL | 236447 | 110000 |
| 2022-23 | NIL | 996000 | 413000 |
| 2023-24 | NIL | 416000 | 657000 |
| 2024-25 | NIL | - | - |
| **ആകെ** | | 1648447 | 1180000 |

<u>2)ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ</u>

| വർഷം | സ്കീം-1 Health Grant Towards Buildingless Subcenters, PHCs & CHCs | സ്കീം-3 Health Grant Towards Support For Diagnostic Infrastructure To The PHCs | സ്കീം-4 Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | NIL | 234006 | 107191 | 341197 |
| 2022-23 | NIL | 641809 | 322000 | 963809 |
| 2023-24 | NIL | 56192 | 119116 | 175308 |
| 2024-25 | NIL | - | - | - |
| **ആകെ** | | 932007 | 548307 | 1480314 |

3)പലിശയുൾപ്പെടെ 31-3-2025 ന് അക്കൗണ്ടിലുള്ള ബാലൻസ്-

| വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 |
|---|---|---|---|
| 2024-25 | 0 | 1241028 | 732517 |

4)<u>നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.</u>

| വർഷം | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 2023-24 | 239/24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | 356788 |
| 2023-24 | 240/24 | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | 2441 |
| 2024-25 | 241/25 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 116000 |
| 2024-25 | 242/25 | ആരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളാക്കി ഉയർത്തൽ | 186651 |
| 2024-25 | 322/25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 62846 |
| 2024-25 | 321/25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 285021 |
| 2024-25 | 281/25 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 297000/- |

| | | | |
|---|---|---|---|
| | | 2-ംഘട്ടം | |

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടത്തിയ പ്രോജക്ടുകൾ പൊതുവെ തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്.

## 1-12 ജലജീവൻമിഷൻ-അവലോകനം

2024 ഓടു കൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര- സംസ്ഥാന വിഹിതം 50:50 ആണ്. സംസ്ഥാന വിഹിതത്തിന്റെ പകുതി തദ്ദേശ ഭരണ സ്ഥാപനവും ഗുണഭോക്താക്കളും വഹിക്കണം. തദ്ദേശ ഭരണ സ്ഥാപന വിഹിതം- 15% ഉം 10% ഗുണഭോക്തൃ വിഹിതവുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.5.2025 ലെ ഡി.കെ.എസ്.എ/201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം നിറമരുതൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിനൊപ്പം ഗ്രാമ പഞ്ചായത്തിൽ മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരിശോധനാവിധേയമാക്കി. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് ഗ്രാമ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. ഓഡിറ്റ് എൻക്വയറി നം.3/30.10.2025ന് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരമുള്ള പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

1. തുക വകയിരുത്തൽ/ വാട്ടർ അതോറിറ്റിക്ക് കൈമാറൽ

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം 15% ഗുണഭോക്തൃ വിഹിതമായ 10% എന്നിവ വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതു വരെ ജലജീവൻ പദ്ധതിക്കായി തുക വകയിരുത്തുകയോ വാട്ടർ അതോറിറ്റിക്ക് തുക കൈമാറുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ നാളിതു വരെ തുക പിരിച്ചെടുക്കുകയോ ലഭ്യമാകുകയോ ചെയ്തിട്ടില്ല.

2. പദ്ധതിയുടെ പുരോഗതി വിവരം.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ കുടിവെള്ളം ലഭിക്കുന്ന രീതിയിൽ പദ്ധതി പുരോഗമിച്ചിട്ടില്ല. ടാങ്ക്, കിണർ എന്നിവയുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. റോഡുകൾ മിക്കതും പൈപ്പിടുന്നതിന് കീറിയിട്ടുണ്ടെങ്കിലും പൈപ്പിടൽ പ്രവൃത്തി ഒട്ടും പുരോഗമിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതു വരെ ഗ്രാമ പഞ്ചായത്തിന് തുക ലഭ്യമായിട്ടില്ല.

## 1-13 പലിശരഹിത അക്കൗണ്ടുകളിൽ വൻ തുക നീക്കിയിരിപ്പ് അവശേഷിക്കുന്നു.പലിശ ഇനത്തിൽ വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | **അക്കൗണ്ട് നമ്പർ** | **ബാങ്ക്, ബ്രാഞ്ച്** | നീക്കിയിരിപ്പ് തുക 31.03.2025 തിയ്യതിയിൽ (₹) |
|---|---|---|---|
| 1 | 67376990831 (ഇ പേയ്മെന്റ്) | എസ് ബി ഐ പൂക്കോട്ടുകുളം, തിരൂർ | 60,15,395.64 |
| 2 | 0426073000000562 (യു പി ഐ) | എസ് ഐ ബി താഴെപാലം, തിരൂർ | 7,68,562 |
| ആകെ | | 67,80,957.64 | |

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ വലിയ തുക നിലനിർത്തുന്നത് പലിശയിനത്തിൽ ലഭ്യമാവേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്. 67376990831 (ഇ പേയ്മെന്റ്) അക്കൗണ്ടിൽ നിലനിൽക്കുന്ന തുക ഐ സി ഡി എസ് എന്നിവയുമായി ബന്ധപ്പെട്ട തുകയായതിനാലും 0426073000000562 (യു പി ഐ) അക്കൗണ്ടിൽ നിന്ന് ബി എസ് എൻ എൽ റിക്കവറികൾ ഒടുക്കു വരുത്തുന്നതിനാലുമാണ് കറന്റ് അക്കൗണ്ടിൽ തുക സൂക്ഷിക്കുന്നതെന്നും അടുത്ത ജനറൽ കമ്മിറ്റിയിൽ മേൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തുമെന്നുമാണ് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-16/2024-25/05.11.2025) ക്ക് മറുപടി ലഭ്യമാക്കിയത്. പലിശരഹിത അക്കൗണ്ടിൽ മിനിമം ബാലൻസ് നിലനിറുത്തി ബാലൻസ് തുക എസ്.ബി.അക്കൗണ്ടിലേക്ക് മാറ്റി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ /സ്വകാര്യ ആശുപത്രികൾ എന്നിവയുടെ രജിസ്ട്രേഷൻ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 270 പ്രകാരം സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ടേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 270 A പ്രകാരം രജിസ്റ്റർ ചെയ്യാതെയോ, രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനു ശേഷവും തുടർന്നും ഒരു സ്വകാര്യ ആശുപ്രതിയോ പാരാ മെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു

രൂപവരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. താഴെ പറയുന്ന ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2024-25 വർഷം രജിസ്ട്രേഷൻ ചെയ്തതിന്റെയോ ലൈസൻസ് എടുത്തിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പി എം സി മെഡിക്കൽ സെന്റർ |

2. പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചുണ്ടെങ്കിലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | രജിസ്ട്രേഷൻ നമ്പർ |
|---|---|---|
| 1 | നോവ ഹെൽത്ത്കെയർ | 400913/RPH02/GPO/2024/1678 Dated: 28.03.2024 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-11/2024-25/04.11.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 ജീവനക്കാരുടെ/കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആ അർധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും ആ അർധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതെ അല്ലെങ്കിൽ ബിസിനസ്സ് നടത്തുന്നതോ പൊതുവോ സ്വകാര്യമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയോ ചെയ്യുന്നവനുമായ ഏതൊരാളുടെ മേലും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ചുവടെ കൊടുത്ത സ്ഥാപനങ്ങൾക്ക് 2024-25 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത കാലയളവ് (അർദ്ധവർഷം) | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഉണ്ണ്യാൽ ഹോമിയോപതിക് ക്ലിനിക്& കൗൺസിലിംഗ് സെന്റർ | 1 & 2 | 2 |
| 2 | പത്തമ്പാട്ട് മെഡിക്കൽ സെന്റർ | 1 & 2 | 3 |

മേൽ സ്ഥാപനങ്ങൾ റിട്ടണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ 2024-25 വർഷത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2. കേരള പഞ്ചായത്ത് രാജ് ആക്ട് 204 ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ചട്ടങ്ങൾ) ചട്ടം 4 എന്നിവ പ്രകാരം കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കരാറുകാർ 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്ന് ഒന്ന്, രണ്ട് അർധ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ഉമ്മർ പി കെ |
| 2 | എം കെ ഷംസുദ്ധീൻ |
| 3 | സിബിൻ കെ |
| 4 | കെ വി ഷംസു |
| 5 | മുകുന്ദൻ പി |
| 6 | ജാബിർ ജസീം |
| 7 | യൂസുഫ് |
| 8 | പ്രിമ എം |
| 9 | ബിന ജെ എ |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-10/2024-25/04.11.2025) മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും രേഖകൾ സഹിതം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് (എൻക്വയറി നമ്പർ-12/2024-25/03.11.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. പോസ്റ്റ് ഓഡിറ്റ് തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-17 ആയുഷ് പി.എച്ച്. സി (ഹോമിയോപതി)യുടെ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

നിറമരുതൂർ പഞ്ചായത്ത് , ആയുഷ് പി.എച്ച്. സി (ഹോമിയോപതി)യുടെ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ 2014-15 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ വാർഷികകണക്കുകൾ 19.4.2019 ന് ഓഡിറ്റിന് സമർപ്പിച്ചത് പരിശോധനാവിധേയമാക്കിയതിൽ, 2014-15,15-16 വാർഷികകണക്കുകളിലെ മുന്നിരിപ്പ്,നീക്കിയിരിപ്പ്,ചെലവുവിവരങ്ങൾ എന്നിവ ക്യാഷ് ബുക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടാത്തതിനാൽ, പ്രസ്തുത വിവരം മെഡിയ്ക്കൽ ഓഫീസറെ അറിയിച്ചതിനെ തുടർന്ന് അപാകതകൾ പരിഹരിച്ച് 2014-15 മുതലുള്ള വാർഷികകണക്കുകൾ ഹാജരാക്കുന്നതാണ് എന്ന് 6.11.2025 ലെ മറുപടിയിൽ മെഡിയ്ക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് 2014-15 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ വാർഷികകണക്കുകൾ പ്രസ്തുത വർഷങ്ങളിലെ ക്യാഷ് ബുക്ക്, അപ്ഡേറ്റ് ചെയ്ത ബാങ്ക് പാസ്ബുക്ക്,വരവു/ചെലവു രജിസ്റ്ററുകൾ , അഡ്വാൻസ് രജിസ്റ്റർ , റീക്യൂപ്മെന്റ് രജിസ്റ്റർ എന്നിവയും HMCമിനിട്സ് ബുക്കും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി - നികുതി ഇനത്തിൽ വരുമാന നഷ്ടം

1994 കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 203(1) പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തേണ്ടുന്ന ആവശ്യത്തിലേക്കായി 1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(3),(4) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 (1) എന്നിവ പ്രകാരം വിവിധ തരം കെട്ടിടങ്ങൾക്ക് 01.04.2023 മുതൽ പ്രാബല്യത്തിൽ ബാധകമാക്കേണ്ടുന്ന അടിസ്ഥാന നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ച് 26.07.2023 ൽ ഭരണസമിതി 1/1 നമ്പറായി തീരുമാനമെടുക്കുകയും 31.10.2023 ൽ നമ്പർ : എസ്2 -1001/23 ആയി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ്‌വെയറിലെ ന്യൂ ബിൽഡിങ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ' സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ) - 300 ച.മീറ്ററിന് വരെയുള്ളവ ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം | നിശ്ചയിച്ച നികുതി നിരക്ക് (1 ച.മീറ്ററിന്) | നികുതി നിലവിൽ വന്നത് (സഞ്ചയ പ്രകാരം) |
|---|---|---|---|---|---|
| 1 | 2/234 A To C (3 അപ്പാർട്ട്മെന്റുകൾ) | ഹഫ്സത്ത്, അബ്ദുറഹിമാൻ | ഓരോന്നും 55 ച.മീ | 4 | 2024 First Half |
| 2 | 2/234 D To F (3 അപ്പാർട്ട്മെന്റുകൾ) | ഹഫ്സത്ത്, അബ്ദുറഹിമാൻ | ഓരോന്നും 56.37 ച.മീ | 4 | 2024 First Half |

എന്നാൽ ഇവയൊന്നും ഉടമസ്ഥൻ പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതല്ലെന്നും വാടകയ്ക്ക് നൽകുന്നതുമായതിനാൽ ഇവയെ ' ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റു പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ – 300 ച.മീറ്റർ വരെ ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 60 (/63 രൂപ 2024-25 ലെ 5% വർധനവ്) രൂപ നിരക്കിലായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം. 49/24-25/07.11.25) ക്ക് മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിശ്ചയിച്ചതിനാൽ വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം(m2) | ഈടാക്കിയ നികുതി(കെട്ടിടത്തിന്റെ വിസ്തീർണ്ണം*4)-10% മേഖല | ഈടാക്കേണ്ടിയിരുന്ന നികുതി(കെട്ടിടത്തിന്റെ വിസ്തീർണ്ണം*63)-10% മേഖല | നികുതിയിലെ കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീമതി.ഹഫ്സത്ത് ശ്രീ. അബ്ദുറഹിമാൻ | 2/234/A | 55 | 208+10(LC) | 3119+156(LC) | 2911+146(LC) |
| 2 | ശ്രീമതി.ഹഫ്സത്ത് ശ്രീ. അബ്ദുറഹിമാൻ | 2/234/B | 55 | 208+10(LC) | 3119+156(LC) | 2911+146(LC) |
| 3 | ശ്രീമതി.ഹഫ്സത്ത് ശ്രീ. അബ്ദുറഹിമാൻ | 2/234/C | 55 | 208+10(LC) | 3119+156(LC) | 2911+146(LC) |
| 4 | ശ്രീമതി.ഹഫ്സത്ത് ശ്രീ. അബ്ദുറഹിമാൻ | 2/234/D | 56.59 | 215+11(LC) | 3209+161(LC) | 2994+150(LC) |
| 5 | ശ്രീമതി.ഹഫ്സത്ത് ശ്രീ. അബ്ദുറഹിമാൻ | 2/234/E | 56.59 | 215+11(LC) | 3209+161(LC) | 2994+150(LC) |
| 6 | ശ്രീമതി.ഹഫ്സത്ത് ശ്രീ. അബ്ദുറഹിമാൻ | 2/234/F | 56.59 | 215+11(LC) | 3209+161(LC) | 2994+150(LC) |

സഞ്ചയയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്തി കുറവ് ഈടാക്കിയ തുക തിരികെ ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 കെ. എം. എസ്. സി. എല്ലിൽ നിന്നും മുഴുവൻ മരുന്നും ലഭ്യമായില്ല.

പ്രൊജക്ട് : കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ 46/25

അടങ്കൽ: 1050000/-

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം

ആകെ ചെലവ് : 902730/- (BRN. & Date 24150552035100720856/27.9.2024)

മെഡിക്കൽ ഓഫീസർ (FHC) നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടു പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ. എം. എസ്. സി. എല്ലിന് 902730 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ പ്രഫോർമ ഇൻവോയ്സു നം PRF984/22.8.24 പ്രകാരമുള്ള മുഴുവൻ മരുന്നും ഓഡിറ്റ് തീയതിവരെയും കെ. എം. എസ്. സി. എല്ലിൽ നിന്നും ലഭ്യമായിട്ടില്ല. ലഭിച്ചവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നിന്റ വില |
|---|---|---|
| 182/24.4.2025 | 55996 | 354962 |
| 168/30.1.2025 | 31469 | |
| 2082/28.2.2025 | 79344 | |
| 401/8.5.2025 | 174241 | |
| 724/27.5.2025 | 10842 | |
| 817/4.6.2025 | 42904 | |
| 886/11.6.2025 | 15910 | |

| | |
|---|---|
| 950/18.6.2025 | 52407 |
| 966/17.6.2025 | 3450 |
| 1341/15.7.2025 | 76714 |
| 1922/12.9.2025 | 4491 |
| ആകെ | 547768 |

ലഭിയ്ക്കാനുള്ള 354962 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിററ് എൻക്വയറി നം.32/5.11.25 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ വിവരം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-20 ശുചിത്വ ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല

| പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./ വൗച്ചർ .28 നം.തീയതി&തുക |
|---|---|---|
| 235/25 തീര പ്രദേശത്തും പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിലും ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ | 50,000(തനത് ഫണ്ട്) ചെലവ്:48,800/- | 22400924/15.3.25: 48,800 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ | |

തീര പ്രദേശത്തും പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളിലും 10 ശുചിത്വ ബോർഡുകൾ സ്ഥാപിക്കുന്നനതിനായി Niram Graphics പൂക്കയിൽ, തിരൂർ എന്ന സ്ഥാപനത്തിന് കാഷ് ബിൽ നം1214/13.3.2025(size 3x2) പ്രകാരം 48,800/-രൂപ അനുവദിച്ചിട്ടുണ്ട്.എന്നാൽ ശുചിത്വ ബോർഡുകൾ പഞ്ചായത്തിലെ ഏതൊക്കെ വാർഡുകളിലാണ് സ്ഥാപിച്ചതെന്നുള്ള വിവരംഫയലിൽ ലഭ്യമല്ല.

പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന്(നം.5/3.11.25) ലഭ്യമാക്കിയ മറുപടിയിൽ ശുചിത്വ ബോർഡുകൾ സ്ഥാപിച്ചതിന്റെ പട്ടിക ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപന വിവരം ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ശുചിത്വ ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരം വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 48800രൂപ തടസ്സം ചെയ്യുന്നു.

## 1-21 സ്റ്റോക്ക് രജിസ്റ്റർ, വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

വി.ഇ.ഒ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം വാങ്ങലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ അവ ഒന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./ വൗച്ചർ നം. തീയതി&തുക | ഇൻവോയിസ് നം. &തീയതി | ഉപകരണം/ ഐറ്റം |
|---|---|---|---|---|---|
| 1 | 127/25 അംഗനവാടികളിൽ റിംഗ് കമ്പോസ്റ്റ് വിതരണം | 31500(ധനകാര്യ കമ്മീഷൻ അവാർഡ്) 73500(കേന്ദ്രാവിഷ്കൃത ഫണ്ട്) ചെലവ്:31500 (ധനകാര്യകമ്മീഷൻ അവാർഡ്) | 22401131/31.3.25: 31500 | RAIDCO,Tirur TIR/320/24-25/ 22.3.25: 72,772 | 28 റിംഗ് കമ്പോസ്റ്റ് യൂണിറ്റ് |
| 2 | 231/25 ബയോ ബിൻ വിതരണം(SO) | 523820(ധനകാര്യ കമ്മീഷൻ അവാർഡ്) 88000(കേന്ദ്രാവിഷ്കൃത ഫണ്ട്) 67980(ഗുണഭോക്തൃ വിഹിതം) ചെലവ്: 417780(ധനകാര്യ കമ്മീഷൻ അവാർഡ്) 46420(ഗുണഭോക്തൃ വിഹിതം) | 1.22401000/ 25.3.25:46,420/- 2.XVF/24-25/P/119/ 27.3.25:4,17,780 | IRTC, മുണ്ടൂർ, പാലക്കാട് NB2B/24-25/071/ 20.3.25: 4,64,200 | 211 ബയോ ബിൻ |

| | | | | | |
|---|---|---|---|---|---|
| 3 | 117/25<br>റിംഗ് കമ്പോസ്റ്റ് | 812200ധനകാര്യ കമ്മീഷൻ അവാർഡ്)<br>90000(ഗുണഭോക്തൃ വിഹിതം)<br>ചെലവ്:811345 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>90000(ഗുണഭോക്തൃ വിഹിതം) | 1.22401002/ 25.3.25:90000<br>2.XVFC/24-25/ P/124:29.3.2025: 8,11,345 | RAIDCO,Tirur<br>TIR/319/24-25/ 22.3.25: 9,01,345 | 355റിംഗ് കമ്പോസ്റ്റ് |
| 4 | 335/25<br>ഹരിത കർമസേനയ്ക്ക് സോർട്ടിംഗ് ടേബിൾ കൺവെയറ് ബെൽറ്റ് ട്രോളി തൂക്കു യന്ത്രം വാങ്ങൽ(NEW) | വികസന ഫണ്ട് :160000<br>ധനകാര്യ കമ്മീഷൻ:50000<br>കേന്ദ്രാവിഷ്കൃത ഫണ്ട്:700000<br>ചെലവ്:160000 (വികസന ഫണ്ട്)<br>50000( ധനകാര്യ കമ്മീഷൻ അവാർഡ്) | 1.241505520 4660160046/ 20.3.25: 160000<br>2.22400968/ 22.3.25:50000 | Picker Bird<br>1.2426257/ 25.3.25:2,97,500<br>2.2426256/ 25.3.25:4,90,000<br>3.2426258/ 25.3.25:95,996 | 1.Metal Trolly_17no<br>2.Conveyar Machine Sytem-1<br>3.Sorting Table -4 |
| 5. | 100/25<br>ഹരിത കർമസേന തുടർപ്രവർത്തനങ്ങൾ | 1,00,000(വികസന ഫണ്ട്)<br>ചെലവ്:97,890 | 1.241505520 46600605409/ 31.8.2024:85,800<br>2.241505520 46600385473/ 9.7.24: 4800/-<br>3.241505520 46600964221/29.11.24: 7290 | Abhi Printers,പൂക്കയിൽ, തിരൂർ<br>1.4/9.8.24:22200<br>2.4/11.6.24:4800<br>3.19/16.11.24:2300 | 1.ഹരിത കർമ സേന യൂസർ ഫീ രശീത് ബുക്കുകൾ 600 എണ്ണം<br>2.യൂസർ ഫീ 100ബുക്കുകൾ<br>3.യൂസർ ഫീ കാർഡുകൾ-2000 |
| 6. | 328/25<br>MCFന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ | 40000 (വികസനഫണ്ട്)<br>ചെലവ്:27457 | 1.241505520 46601374210/ 24.2.25: 10457<br>2.241505520 46601287862/ 6.2.25: 17000 | Abhi Printers, പൂക്കയിൽ<br>1.20/6.2.25:4900<br>2.78/6.1.25:12000 | 1.യൂസർ ഫീ കാർഡുകൾ-5000<br>2.യൂസർഫീ രശീത് ബുക്കുകൾ- 300(institution) |

1.മേൽ പറഞ്ഞ ഉപകരണങ്ങൾ/റിംഗ് കമ്പോസ്റ്റ്/ബയോ ബിന്നുകൾ എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.ക്രമ നം1 പ്രകാരമുള്ള വാങ്ങൽ നടത്തിയതിൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, താരതമ്യ പട്ടിക എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.ക്രമ നം.5,6 പ്രകാരമുള്ള വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തത് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഭൗതിക പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/3.11.25) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഉപകരണങ്ങളും റിംഗ് കംമ്പോസ്റ്റ്/ബയോബിന്നുകളുടെ വിവരങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാന് വിട്ടുപോയതാണെന്നും ആയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ മറ്റ് അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുകയോ,വിതരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.വിതരണ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 17,32,392രൂപ തടസ്സം ചെയ്യുന്നു

## 1-22 എം.സി.എഫിന് വാടക നല്കൽ- വിവരം ലഭ്യമല്ല

| പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./വൗച്ചർ നം.തീയതി&തുക |
|---|---|---|
| 56/25<br>എം.സി.എഫിന് വാടക നല്കൽ | 1,56,000(ധനകാര്യ കമ്മീഷൻ അവാർഡ്)<br>91,000(തനത് ഫണ്ട്)<br>ചെലവ്:65,000(തനത്ഫണ്ട്) | 22406065/29.3.25: 65,000 |
| നിർവ്വഹണ | സെക്രട്ടറി | |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |

എം.സി.എഫ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റ വാടക 13000രൂപയായി നിശ്ചയിച്ചിട്ടുണ്ട്.വാടകയിനത്തിൽ ശ്രീ മുഹമ്മദ് കുട്ടി എന്നവർക്ക് 65000രൂപ അനുവദിച്ചിട്ടുണ്ട്.ഏതൊക്കെ മാസങ്ങളിലെ വാടകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.13 /5.11.25)നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഏതൊക്കെ കാലയളവിലെ വാടകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുന്നതു വരെ ചെലവ് തുക 65,000രൂപ ഓഡിറ്റിൽ തയസ്സം ചെയ്യുന്നു.

## 1-23 വരൾച്ച ദുരിതാശ്വാസ പദ്ധതി-കുടിവെള്ള വിതരണ-അപാകങ്ങൾ

| പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./വൗച്ചർ നം.തീയതി&തുക |
|---|---|---|
| 41/25<br>വരൾച്ച ദുരിതാശ്വാസ പദ്ധതി-കുടിവെള്ള വിതരണം | 8,00,000(വികസനഫണ്ട്)<br>ചെലവ്:7,50,360<br>(വികസനഫണ്ട്) | 241505520057011327O3/6.1.25:7,50,360 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ഭായി വാട്ടർ സപ്ലൈ കൈമലശ്ശേരി,ആലത്തിയൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും കുടിവെള്ളം വിതരണം ചെയ്തവകയിൽ 7,50,360രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.മേൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഗ്രാമ പഞ്ചായത്തിലെ വാർഡ്-1 പുതിയ കടപ്പുറം,വാർഡ്-16 തേവർ കടപ്പുറം, വാർഡ്-17 ഉണ്ണിയാൽ,വാർഡ്-15 പഞ്ചാരമൂല എന്നീ പ്രദേശങ്ങളെ വരൾച്ച ബാധിത പ്രദേശങ്ങളായി നിശ്ചയിച്ചു നല്കുന്നതിന് 5/2(18.3.2024) നമ്പർ തീരുമാനപ്രകാരം മലപ്പുറം ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിട്ടുണ്ട്.എന്നാൽ ജില്ലാ കളക്ടർ പ്രസ്തുത പ്രദേശങ്ങളെ വരൾച്ചാ പ്രദേശമായി നിശ്ചയിച്ചിട്ടുള്ളതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2.ഭായി വാട്ടർ സപ്ലൈ കൈമലശ്ശേരി,ആലത്തിയൂർ എന്ന സ്ഥാപനവുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3.ടി സ്ഥാപനത്തിൽ നിന്നും ടി.ഡി.എസ്(7503.6രൂപ) ഈടാക്കിയിട്ടില്ല (ആദായ നികുതി നിയമം 1969, വകുപ്പ് 194C).

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/5.11.25)നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതു വരെ ചെലവ് തുക7,50,360രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 ഐ.ആർ.ടി.സിയ്ക്ക് തുക കൈമാറൽ-പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

| പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./വൗച്ചർ നം.തീയതി&തുക |
|---|---|---|
| 75/25<br>ഹരിത കർമസേന പ്രവർത്തനം മെച്ചപ്പെടുത്തൽ-ഐ.ആർ.ടി.സിയ്ക്ക് തുക കൈമാറൽ | 212931(ധനകാര്യ കമ്മീഷൻ അവാർഡ്)<br>ചെലവ്:212931 | 22400604//07.12.24:<br>70977<br>22401075/30.3.25:<br>141954 |

സെക്രട്ടറി നിർവഹണം നടത്തിയ ഹരിത കർമസേന പ്രവർത്തനം മെച്ചപ്പെടുത്തൽ-ഐ.ആർ.ടി.സിയ്ക്ക് തുക കൈമാറൽ എന്ന പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഹരിത സഹായസംഘത്തിന് നടത്തിപ്പ് തുകയുടെ വിഹിതമായി 2,12,931/-രൂപ നല്കിയിട്ടുണ്ട്.എന്നാൽ ഐ.ആർ.ടി.സി , മുണ്ടൂർ പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2.ഐ.ആർ.ടി.സിയ്ക്ക് അനുവദിച്ച തുകയിൽ നിന്നും ടി.ഡി.എസ്.ഈടാക്കിയിട്ടില്ല (ആദായ നികുതി നിയമം 1961, വകുപ്പ് 194J).

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.17/5.11.25) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഐ.ആർ.ടി.സിയുടെ പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതു വരെ ചെലവു തുക 212931രൂപ തടസ്സം ചെയ്യുന്നു.

## 1-25 ഐ.കെ.എം ന് വിഹിതം നല്കൽ-കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./വൗച്ചർ നം.തീയതി&തുക |
|---|---|---|
| 26/25<br>ഐ.കെ.എം ന് 2024-25 വർഷത്തെ വിഹിതം നല്കൽ- | 125000(വികസന ഫണ്ട്)<br>ചെലവ്:122300 | 2415055200701413837/3.3.25:122300 |
| | | |

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ഐ.കെ.എംന് 2024-25 വർഷത്തെ വിഹിതമായി 122300 രൂപ നല്കിയിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക ലഭിച്ചതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമല്ല.ഐ.കെ.എംന്റെ കൈപ്പറ്റ് രശീതി പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്.(എൻക്വയറി നം.18/5.11.25).മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 1,22,300രൂപ തടസ്സം ചെയ്യുന്നു.

## 1-26 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

| പ്രോജക്ട് നം, പേര് | അടങ്കൽ / ചെലവ് | ബിൽനം./വൗച്ചർ നം.തീയതി&തുക |
|---|---|---|
| 53/25 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ- | 100000(തനത് ഫണ്ട്) ചെലവ്:45817 | 22400906//14.3.25: 26485<br>22400917/14.3.25: 19332 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന 130ാം നമ്പർ അംഗനവാടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 26485 രൂപയും 8ാം വാർഡിലെ ഇലക്ട്രിക്ക് പോസ്റ്റ് നം.MK45-8/3&MK45-8/4എന്നീ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 19332 രൂപയും കെ.എസ്.ഇ.ബിയ്ക് അനുവദിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.19/5.11.25) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ 45,817രൂപ ഓഡിറ്റിൽ തയസ്സം ചെയ്യുന്നു.

## 1-27 ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരം VEELസോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സർക്കുലറിന്റെയും തുർച്ചയായായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സെറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

സെക്രട്ടറി നിർവഹണം നടത്തിയ ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങൽ എന്ന പ്രോജക്ട് പകാരം മഹീന്ദ്ര ബോലേറോ ജീപ്പ് വാങ്ങുകയും 2024-25 വർഷത്തിൽ വാഹന ഇൻഷ്വറൻസ്,മോട്ടോർ വാഹന നികുതി എന്നീ ഇനങ്ങളിലായി 5,41,775രൂപ ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും അനുബന്ധ സ്ഥാപനങ്ങളിലേയും, വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സെറ്റിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.20/5.11.25) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരം VEELസോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-28 മാലിന്യ സംസ്കരണം-റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | 72/25,മാലിന്യ സംസ്കരണം- റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യൽ |
| അടങ്കൽ തുക | 3,00,000( വികസന ഫണ്ട്) |
| ചെലവ് | 2,99,700- ( വികസനഫണ്ട്) |
| ബിൽനം&തീയതി | 24150552005701645742/22.3.25: 2,99,700 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നിറമരുതൂർ ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് Clean Kerala Company Limited എന്ന സ്ഥാപനത്തിന് 10 രൂപ നിരക്കിൽ മാലിന്യം നീക്കം ചെയ്യുന്നതിന് 2,99,700 രൂപ അനുവദിച്ചിട്ടുണ്ട്.എന്നാൽ മാലിന്യത്തിന്റെ തൂക്കം തെളിയിക്കുന്ന Weigh Bridgeന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം&തീയതി | തീയതി | രേഖപ്പെടുത്തിയ തൂക്കം | ആകെ തൂക്കം | അനുവദിച്ച തുക |
|---|---|---|---|---|---|
| 1. | Mlp/24-25/30 | 18.5.24 | 4390kg | 8430kg | 84300 |

| | | | | | |
|---|---|---|---|---|---|
| | 29.6.24:<br>84300 | 29.5.24 | 4040 Kg | | |
| 2. | Mlp/24-25/47<br>11.7.24:<br>1,81,800 | 16.1.24<br>25.1.24<br>5.2.24<br>25.2.24<br>29.2.24 | 3810kg<br>3795kg<br>3210kg<br>2570kg<br>4795kg | 18180kg | 181800 |
| | | ആകെ | 26610kg | | 2,66,100 |

മാലിന്യത്തിന്റെ തൂക്കം തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിററ് എൻക്വയറി(നം.33/6.11.25) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാലിന്യത്തിന്റെ തൂക്കം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതു വരെ 2,66,100 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-29 സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുയർമെന്റ് മാർഗ്ഗരേഖ ജി. ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള വാങ്ങലുകളിൽ 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമായിട്ടുള്ള വാങ്ങലുകളും സേവനങ്ങളും ലിമിറ്റഡ് ടെണ്ടർ മുഖേനയാണ് നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പദ്ധതിയിൽ ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

| പ്രോജക്ട് നം, പേര് | 49/25 – കേരളോത്സവം | ചെലവ് |
|---|---|---|
| അടങ്കൽ | ₹50,000/- (വികസനഫണ്ട്) | 49738 |
| | ₹1,00,000/-(തനത് ഫണ്ട്) | 95440 |
| ആകെ ചെലവ് | | 1,45,175/- |
| ബിൽനം.&തീയതി | 1. 241505200520057026244 8/1.2.2025:49738 | |

കേരളോത്സവത്തിലെ വിജയികൾക്ക് നൽകുന്നതിനായി Sports Wear പയ്യനങ്ങാടി തിരൂർ എന്ന സ്ഥാപനത്തിൽ നിന്ന് 29028രൂപയുടെ(ഇൻവോ.നം1168/3.1.25) പ്രകാരം 54 ട്രോഫികളും Sports Gallery,തിരൂർ എന്ന സ്ഥാപനത്തിൽ നിന്ന് 16930രൂപയ്ക് കായിക ഉപകരണങ്ങളും (ഇൻവോ.നം40/22.11.24) വാങ്ങിയിട്ടുണ്ട്.എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ഫയലിൽ ലഭ്യമല്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം നൽകേണ്ടതും പ്രസ്തുത ഉപകരണങ്ങൾ/ട്രോഫികൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.ഓഡിറ്റ് എൻക്വയറി(നം.34/6.11.25)ക്ക് മറുപടി ലഭിച്ചിട്ടില്ല.അപാകത പരിഹരിക്കുന്നതു വരെ 45958 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 ചെലവു രേഖകൾ പരിശോധനയ്ക് ലഭ്യമാക്കേണ്ടതാണ്.

2024-25 സാമ്പത്തിക വർഷത്തിൽ , അസി. സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടിന്റെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ഫണ്ട് | ആകെ ചെലവഴിച്ച തുക |
|---|---|---|
| എസ്സ്.സി വിവാഹ ധനസഹായം -സ്പിൽ ഓവർ (151/25) | പ്ലാൻ ഫണ്ട് | 375000/- |

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുരേഖകളും പരിശോധനയ്ക ഹാജരാക്കേണ്ടതാണ്എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 30/5.11.2025 ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ചെലവുരേഖകളും പരിശോധനയ്ക് ഹാജരാക്കുന്നതുവരെ ഈ പ്രൊജക്ടിനായി ചെലവഴിച്ച 375000/- തടസ്സം ചെയ്യുന്നു.

## 1-31 വനിതകൾക്ക് ഫിറ്റ്നസ് സെന്റർ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | | |
|---|---|---|
| പ്രൊജക്റ്റ് | : | വനിതകൾക്ക് ഫിറ്റ്നസ് സെന്റർ 110/25 |
| നിർവ്വഹണം | : | ഐ. സി. ഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ തുക | : | ₹130000/- ( പ്ലാൻ ഫണ്ട്) |
| ചെലവ് | : | 1266386/- (BRN 24150552035301446710/6.3.25 |

മേൽ പ്രോജക്ട് പ്രകാരം, പത്തമ്പാടിൽ (വാർഡ് 8 ) വനിതകൾക്ക് ഫിറ്റ്നസ് സെന്റർ സ്ഥാപിയ്കുന്നതിനായി ജെം വഴി തിരൂരിലെ ഫിറ്റ്നസ് ഗാലറി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം1266386 രൂപയുടെ ജിം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം & തീയതി | തുക | ഉപകരണങ്ങളുടെ വിവരം |
|---|---|---|
| 527/27.2.2025 | 77705 | 14ഇനം ഉപകരണങ്ങൾ |
| 528/27.2.2025 | 112808 | 2ഇനം ഉപകരണങ്ങൾ |
| 525/27.2.2025 | 148739 | 4ഇനം ഉപകരണങ്ങൾ |

| | | |
|---|---|---|
| 526/27.2.2025 | 492390 | 6ഇനം ഉപകരണങ്ങൾ |
| 523/27.2.2025 | 347628 | 4ഇനം ഉപകരണങ്ങൾ |
| 524/27.2.2025 | 44636 | 3ഇനം ഉപകരണങ്ങൾ |
| 539/4.3.2025 | 42480 | Seated Calf Raise Machine -1 |
| ആകെ | 1266386 | |

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കേണ്ടതും ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2)ഉപകരണങ്ങളുടെ പരിപാലനം മേൽനോട്ടം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിനുള്ള കസ്റ്റോഡിയൻ ഓഫീസറുടെ വിവരം ലഭ്യമല്ല.

3)വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം, ഇവ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
4)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 37/6.11.25

## 1-32 മെൻസ്ട്രുവൽ കപ്പ് - ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരഞ്ഞെടുക്കപ്പെട്ട വനിതകളായ ഗുണഭോക്താക്കൾക്ക് മെനുസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനമായ HLL LIFE CARE ശ്രീകാര്യം എന്ന സ്ഥാപനത്തിന് ആകെ 39710/- അടവാക്കിയിട്ടുണ്ട്. പദ്ധതി വിശദാംശങ്ങളും, അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്ടിന്റെ പേര് | മെൻസ്ട്രുവൽ കപ്പ് വിതരണം |
| പ്രോജക്ട് നമ്പർ | 142/25 (സ്പിൽ ഓവർ) |
| അടങ്കൽ | 68800/-( പ്ലാൻ ഫണ്ട് ) |
| ചെലവ് | 39710/- |
| ബിൽ നം/തീയതി | 1) 2415055203510016456/9.5.24_ 4800/-<br>2) 2415055203510061486/9.5.24_ 21300/-<br>3)2415055203510016145l/9.5.24_ 5400/-<br>4)24150552035100544061/4.8.24_ 4250/-<br>5)24150552035100544060/14.8.24_ 2100/- |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതിയുടെ ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല .

2) ക്രമ നം 4,5 എന്നിവ പ്രകാരമുള്ള ചെലവു രേഖകൾ ഹാജരാക്കി. ക്രമ നം 1മുതൽ 3 വരെയുള്ള ബില്ലുകൾ പ്രകാരം താഴെ പറയുന്ന ഇൻവോയ്സുകൾ മുഖേന HLL LIFE CARE ന് അടവാക്കിയതിന്റെ വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

| പ്രഫോർമ ഇൻവോയ്സ് നം & തീയതി, തുക | എണ്ണം@300/- |
|---|---|
| 585/25.3.2024_ 4800/- | 16 |
| 584/25.3.2024_ 21300/- | 71 |
| 586/25.3.2024_ 5400/- | 18 |
| ആകെ | 105 |

105 മെൻസ്ട്രുവൽ കപ്പുകൾ ലഭ്യമായതിന്റ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയവ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്തതിന്റയും കൈപ്പറ്റിയതിന്റയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-50/7.11.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കുന്നതുവരെ HLL LIFE CARE ന് നൽകിയ 31500/- തടസ്സം ചെയ്യുന്നു.

## 1-33 പോസ്റ്റൽ സ്റ്റാമ്പ് വാങ്ങൽ-സ്റ്റോക്ക് വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിലേക്ക് താഴെ പറയുന്ന വൗച്ചറുകൾപ്രകാരം പോസ്റ്റൽ സ്റ്റാമ്പുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർനം&തീയതി | തുക |
|---|---|---|
| 1 | 22400189/9.7.2024 | 3000 |
| 2 | 22400274/5.8.2024 | 1000 |
| 3 | 22400895/13.3.2025 | 6000 |
| | ആകെ | 10000 |

പ്രസ്തുത സ്റ്റാമ്പുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്റ്റോക്ക് വിവരം ലഭ്യമാക്കുന്നതു വരെ ചെലവ്തുക 10000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-34 സ്പോർട്സ് കിറ്റ് വിതരണം-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 141/25 – ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം(so) |
| അടങ്കൽ | ₹67986/- (വികസനഫണ്ട്) |
| ചെലവ് | ₹67986/-(വികസനഫണ്ട്) |
| ബിൽനം.&തീയതി | 1. 23150552005701535359/25.3.2025:67986 |

സെക്രട്ടറി നിർവഹണം നടത്തിയ ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിന് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ഏതൊക്കെ സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചതെന്നുള്ള വിവരം,താരതമ്യ പട്ടിക എന്നിവ ഫയലിൽ ലഭ്യമല്ല.
2. Sports Gallery,താഴെ പാലം,തിരൂർ എന്ന സ്ഥാപനത്തിൽ നിന്ന് 92,800രൂപയുടെ(ഇൻവോയിസ് നം.38/11.3.24) സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി 16 ക്ലബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.35/6.11.25)നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണം ലഭ്യമാക്കുന്നതു വരെ 67986 രൂപ തടസ്സം ചെയ്യുന്നു.

## 1-35 ചെലവ് രേഖകൾ പരിശോധനയ്ക് ലഭ്യമാക്കിയില്ല

2024-25 സാമ്പത്തിക വർഷത്തിൽ , സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട്നം./പേര് | ഫണ്ട് | ആകെ ചെലവഴിച്ച തുക |
|---|---|---|---|
| 1 | 160/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്(so) | പ്ലാൻ ഫണ്ട് | 2,53,728 |
| 2 | 169/25 വിവിധ വാർഡുകളിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(so) | ധനകാര്യ കമ്മീഷൻ അവാർഡ് | 49,505 |
| 3 | 144/25 വിവിധ വാർഡുകളിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(so) | പ്ലാൻ ഫണ്ട് | 9,99,672 |
| 4 | 168/25 വരൾച്ചാ ദുരിതാശ്വാസ പദ്ധതി-കുടിവെള്ള വിതരണം(so) | ധനകാര്യ കമ്മീഷൻ അവാർഡ് | 54780 |
| | ആകെ | | 13,57,685 |

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുരേഖകളും പരിശോധനയ്ക് ഹാജരാക്കുന്നതു വരെ 13,57,685 രൂപ തടസ്സം ചെയ്യുന്നു.

## 1-36 വർക്കിംഗ് ഗ്രൂപ്പുകൾ – പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കല് തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തെ പദ്ധതികൾ ചർച്ച ചെയ്യുന്നതിന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് മേൽ യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്.

മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കാത്തതിനാൽ കാര്യക്ഷമമായ പദ്ധതി മോണിറ്ററിംഗിന്റെ അഭാവം ഉണ്ടായിട്ടുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനോടനുബന്ധിച്ച് ഒന്നോ രണ്ടോ യോഗങ്ങൾ ചേരുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. പകുതിയോളം മിനുട്സുകളും തീരുമാനങ്ങൾ രേഖപ്പെടുത്താത്തവയോ ക്രമ പ്രകാരം ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുകയോ ചെയ്യാത്തവയാണ്

2024-25 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് വിശകലനം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | പങ്കെടുത്തവർ | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 1. | വിദ്യാഭ്യാസം,കല,സാംസ്കാരികം | 27.12.24 | 4 | ലഭ്യമല്ല | - |
| 2. | കൃഷി | 13.12.23<br>18.1.24 | 4<br>3 | 4<br>10 | ക്ലോസ് ചെയ്തിട്ടില്ല |
| 3. | മത്സ്യ മേഖല | 18.1.24<br>30.9.24 | 8<br>6 | 11<br>വാർഷിക പദ്ധതി അപേക്ഷകൾക്ക് മാർക്ക് നല്കി | ക്ലോസ് ചെയ്തിട്ടില്ല |
| 4. | പശ്ചാത്തല മേഖല | 13.12.23 | 7 | 16 | ക്ലോസ് ചെയ്തിട്ടില്ല |
| 5. | ശുചിത്വം | 0 | 0 | 0 | - |
| 6. | ദാരിദ്ര്യ ലഘൂകരണം | 13.12.23<br>30.9.24<br>27.12.24 | 2<br>3<br>3 | 8<br>രേഖപ്പെടുത്തിയിട്ടില്ല<br>4 | ക്ലോസ് ചെയ്തിട്ടില്ല |
| 7. | പൊതു ഭരണം | 13.12.24<br>30.9.24 | 5<br>2 | 2<br>രേഖപ്പെടുത്തിയിട്ടില്ല | ക്ലോസ് ചെയ്തിട്ടില്ല |
| 8. | പ്രാദേശിക സാമ്പത്തിക വികസനം | 13.12.23 | 3 | 5 | ക്ലോസ് ചെയ്തിട്ടില്ല |
| 9. | പട്ടിക ജാതി വികസനം | തീയതി രേഖപ്പെടുത്തിയിട്ടില്ല | 3 | രേഖപ്പെടുത്തിയിട്ടില്ല | ക്ലോസ് ചെയ്തിട്ടില്ല |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.41/6.11.25) നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 അഗ്രോ ഫാർമസി- മരുന്നു വാങ്ങൽ -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജെക്ട് നമ്പർ/ പേര് | അഗ്രോ ഫാർമസി പ്രാഥമിക വിള ആരോഗ്യ ക്ലിനിക്ക് (71/25) |
| ആകെ അടങ്കൽ | 50000 രൂപ വികസന ഫണ്ട് |
| ചെലവ് | 49999/-<br>BRN - 24150552034801519483/13.3.25 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കർഷകർക്ക് അവരുടെ വിളകളുടെ കീടരോഗ നിയന്ത്രണത്തിന് ഫീൽഡ് തല നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസറുടെ ശിപാർശ പ്രകാരം അഗ്രോ ഫാർമസിയിൽ നിന്നും സൗജന്യമായി കർഷകർക്ക് നൽകുന്നതാണ് പദ്ധതി.മേൽ പ്രൊജക്ട് പ്രകാരം ,കുറവു നിരക്ക് ക്വാട്ട് ചെയ്ത ഗാർഡൺ ഡെക്കർ എടക്കര എന്ന സ്ഥാപനത്തിൽ നിന്നും 49999 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1.സ.ഉ(കൈ) നമ്പർ 115/2022/തസ്വഭവ തി. 28.5.22 ൽ നിർദേശിച്ച കീടരോഗങ്ങളുടെ വ്യാപ്തിയെക്കുറിച്ചും നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട്

2.കീടരോഗ നിയന്ത്രണത്തിന് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ

3മേൽ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് വിവരങ്ങളും അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരവും

4പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്.
അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം38/6.11.2025 ത്തിന് മറുപടി ലഭ്യമാക്കിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-38 കൃത്യത കൃഷി പ്രോൽസാഹനം:വിശദാംശങ്ങൾലഭ്യമാക്കേണ്ടതാണ്.

നിർവഹണം: കൃഷി ഓഫീസർ

പ്രൊജക്ട്: കൃത്യത കൃഷി പ്രോൽസാഹനം (99/25)

കൃഷിയിടത്തിലെ ഓരോ ഭാഗത്തിനും ആവശ്യമായ അളവിൽ വളം, ജലം ,മരുന്ന് എന്നിവ നൽകുകയും സെൻസരുകൾ ഉപയോഗിച്ച് കൃഷിയെ കൃത്യമായി നിയന്ത്രിയ്ക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ് കൃത്യത കൃഷി പ്രോൽസാഹനം. ഉത്പാദനം വർദ്ധിപ്പിയ്ക്കുക , ചെലവ് കുറയ്ക്കുക, വളങ്ങളുടെ ഉപയോഗം കുറച്ച് കൃഷി ലാഭകരമാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം . പ്ലാൻ ഫണ്ട് 250000/- രൂപ വകയിരുത്തി നടപ്പിലാക്കിയ ഈ പദ്ധതിയ്ക്ക് 119622 രൂപയാണ് ചെലവു വന്നിരിയ്ക്കുന്നത്. (വൗച്ചർ നം 24150552034481674834/24. 3.2025)

ഈ പദ്ധതി പ്രകാരം കൃത്യത കൃഷി ചെയ്ത 6 ഗുണഭോക്താക്കൾക്ക് ഫെർട്ടിഗേഷൻ യൂണിറ്റ്, പുതയിടൽ, കൂലിചെലവ് എന്നിവയ്ക്കായി സബ്സിഡിയിനത്തിൽ ആകെ 119622 രൂപ വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)പദ്ധതി മാർഗരേഖയിലോ സബ്സിഡി മാർഗരേഖയിലോ മേൽ പദ്ധതിയെ സംബന്ധിച്ചു പരാമർശിക്കുന്നില്ല. മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഈ പദ്ധതിയുടെ നടത്തിപ്പിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് , പഞ്ചായത്ത് ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതി നൂതന പ്രൊജക് ആയി നടപ്പാക്കിയതാണെങ്കിൽ , ഡി.പി.സിയുടെ അംഗീകാരം, വെറ്റിംഗ് ഓഫീസറുടെ തീരുമാനം എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 39 /6.11.2025 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവുതുകയായ 119622 രൂപ തടസ്സം ചെയ്യുന്നു.

## 1-39 സ്മാർട് അംഗണവാടി നിർഹണത്തിലെ അപാകതകൾ

ഐ. സി. ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം 4 അംഗണവാടികൾ സ്മാർട്ട് ആക്കുന്നതിനുവേണ്ടി കുറവു നിരക്ക് ക്വാട്ട് ചെയ്ത ആർട്കോ കോഴിക്കോടിനെ തെരഞ്ഞെടുക്കുകയും ആർട്കോയ്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**1)**

| | |
|---|---|
| പ്രൊജക്റ്റ് | : അംഗണവാടികൾ സ്മാർട്ട് ആക്കൽ സെന്റർ നം 103 ( 110/25) |
| അടങ്കൽ തുക | : ₹150000/- ( പ്ലാൻ ഫണ്ട്) |
| ചെലവ് | : 148245/- (BRN 24150552035301661888/24.3.25 |

മേൽ പ്രോജക്ട് പ്രകാരം, ആലിൻചുവട് അംഗണവാടിയിലേയ്ക്ക് ഇൻവോയ്സു നം Kkd692/20.3.25 പ്രകാരം 20 ഇനം ഉപകരണങ്ങൾ വാങ്ങുകയും ക്ലാസ് റൂം വാൾ പെയിന്റിംഗ് വർക്ക് ചെയ്യുകയും ചെയ്തതിന് ആർട്കോയ്ക്ക് 148245/- രൂപ നൽകിയിട്ടുണ്ട്.

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കേണ്ടതും ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെയും , ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെയയും ,കൈപറ്റിയതിന്റെയും വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) മേൽ ഇൻവോയ്സ് ക്രമ നം 11 പ്രകാരം ക്ലാസ് റൂം വാൾ പെയിന്റിംഗ് 7 ആർട് വർക്ക് ചെയ്തതിന് സ്ക്വയർ മീറ്ററിന് 57 രൂപ പ്രകാരം ചെയ്തതിന് 6591.48 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് പ്രൈസിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരം പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല. .

3)വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം, ഇവ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
4)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**2)**

| | |
|---|---|
| പ്രൊജക്റ്റ് | : അംഗണവാടികൾ സ്മാർട്ട് ആക്കൽ സെന്റർ നം 268 ( 107/25) |
| അടങ്കൽ തുക | : ₹150000/- ( മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | : 148843/- (BRN 24150552035301563350/17.3.25 |

മേൽ പ്രോജക്ട് പ്രകാരം, പഞ്ചാരമൂല അംഗണവാടിയിലേയ്ക്ക് ഇൻവോയ്സു നം Kkd579/10.3.25 പ്രകാരം 9 ഇനം ഉപകരണങ്ങൾ വാങ്ങുകയും ക്ലാസ് റൂം വാൾ പെയിന്റിംഗ് വർക്ക് ചെയ്യുകയും ചെയ്തതിന് 148843/- രൂപ നൽകിയിട്ടുണ്ട്.

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കേണ്ടതും ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെയും , ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെയയും ,കൈപറ്റിയതിന്റെയും വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) മേൽ ഇൻവോയ്സ് ക്രമ നം 7പ്രകാരം ക്ലാസ് റൂം വാൾ പെയിന്റിംഗ് & ആർട് വർക്ക് ചെയ്തതിന് സ്ക്വയർ മീറ്ററിന് 159 രൂപ പ്രകാരം ചെയ്തതിന് 65667 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് പ്രൈസിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരം പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല. .

3)വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം, ഇവ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
4)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**3)**

| | | |
|---|---|---|
| പ്രൊജക്റ്റ് | : | അംഗണവാടികൾ സ്മാർട്ട് ആക്കൽ സെന്റർ നം 119 ( 343/25) |
| അടങ്കൽ തുക | : | ₹150000/- ( പ്ലാൻ ഫണ്ട്) |
| ചെലവ് | : | 148766/- (BRN 24150552035301661902/24.3.25 |

മേൽ പ്രോജക്ട് പകാരം, അംഗണവാടിയിലേയ്ക്ക് ഇൻവോയ്സു നം Kkd691/20.3.25 പ്രകാരം 20ഇനം ഉപകരണങ്ങൾ വാങ്ങുകയും ക്ലാസ് റൂം വാൾ പെയിന്റിംഗ് വർക്ക് ചെയ്യുകയും ചെയ്തതിന് 148766/- രൂപ നൽകിയിട്ടുണ്ട്.

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കേണ്ടതും ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെയും , ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെയയും ,കൈപറ്റിയതിന്റെയും വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) മേൽ ഇൻവോയ്സ് ക്രമ നം 11പ്രകാരം ക്ലാസ് റൂം വാൾ പെയിന്റിംഗ് & ആർട് വർക്ക് ചെയ്തതിന് സ്ക്വയർ മീറ്ററിന് 53 രൂപ പ്രകാരം ചെയ്തതിന് 6128 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് പ്രൈസിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരം പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല.
3)വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം, ഇവ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
4)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**4)**

| | | |
|---|---|---|
| പ്രൊജക്റ്റ് | : | അംഗണവാടികൾ സ്മാർട്ട് ആക്കൽ സെന്റർ നം 130 ( 267/25) |
| അടങ്കൽ തുക | : | ₹150000/- ( മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | : | 149575/- (BRN 24150552035301563353/17.3.25 |

മേൽ പ്രോജക്ട് പ്രകാരം, അംഗണവാടിയിലേയ്ക്ക് ഇൻവോയ്സ് നം Kkd580/20.3.25 പ്രകാരം 10ഇനം ഉപകരണങ്ങൾ വാങ്ങുകയും ക്ലാസ് റൂം വാൾ പെയിന്റിംഗ് വർക്ക് ചെയ്യുകയും ചെയ്തതിന് 149575 രൂപ നൽകിയിട്ടുണ്ട്.

പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കേണ്ടതും ആയവ വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തതിന്റെയും, ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെയയും ,കൈപറ്റിയതിന്റെയും വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) മേൽ ഇൻവോയ്സ് ക്രമ നം 8പ്രകാരം ക്ലാസ് റൂം വാൾ പെയിന്റിംഗ് & ആർട് വർക്ക് ചെയ്തതിന് സ്ക്വയർ മീറ്ററിന് 162രൂപ പ്രകാരം ചെയ്തതിന് 66906രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് പ്രൈസിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിവരം പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല.

3)വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം, ഇവ സ്ഥാപിച്ചത് സംബന്ധിച്ച ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
4)പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 46/7.11.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിയ്ക്കുന്നതുവരെ ചെലവു തുക 595429

ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-40 കോക്ലിയാർ ഇംപ്ലാന്റേഷൻ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : കോക്ലിയാർ ഇംപ്ലാന്റേഷൻ -അനന്തര സഹായം (243/25)

അടങ്കൽ 100000 (പ്ലാൻ)

ചെലവ് :50000/-( BRN 23151752035700181145/9.5.2024)

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം, സർജറിയ്ക്കു വിധേയരായ കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് 50000 രൂപ അടവാക്കിയിട്ടുണ്ട്.സർജറിയ്ക്കു വിധേയമായതുമായി ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നുള്ള രേഖകൾ , സർജറിയ്ക്കു വിധേയരായ കുട്ടിയുടെ വിവരങ്ങൾ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 47/6.11.25 ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ,ചെലവു തുക 50000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 ഫ്രിഡ്ജ് വാങ്ങിയത്- സ്റ്റോക്ക്/ വിതരണ/കൈപറ്റ് വിവരങ്ങൾ ലഭ്യമല്ല

നിർവ്വഹണം : മെഡിയ്ക്കൽ ഓഫീസർ

പ്രൊജക്ടിന്റെ പേര് : ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ ( 321/2025, Spill Over)

അടങ്കൽ :996000 ( ഹെൽത്ത് ഗ്രാന്റ് )

ആകെ ചെലവ് :285021/- (വൗച്ചർ നം 224001053/28.3.2025, തുക 42000/-)

മേൽ പ്രൊജക്ട് പ്രകാരം, സബ്സെന്ററുകളിലേയ്ക്ക് ഫ്രിഡ്ജ് വാങ്ങി നൽകുന്നതിനു വേണ്ടി ജെം വഴി പാൽമിറോ ടെക്നിക്സ് , മഹാരാഷ്ട്ര എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം 1542/28.03.25 പ്രകാരം 20000 രൂപയുടെ ഒരു ഫ്രിഡ്ജ് വാങ്ങിയിട്ടുണ്ട്.

എന്നാൽ ഈ ഫ്രിഡ്ജ് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും കൈപറ്റിയതിന്റെയും വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 48/7.11.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്റ്റോക്ക്/ വിതരണ/കൈപറ്റ് വിവരങ്ങൾ ലഭ്യമാക്കി അറിയിയ്ക്കുന്നതുവരെ ഫ്രിഡ്ജിന്റെ വില 20000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-42 കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല – നഷ്ടം 90307 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത്. കരാർ കാലയളവ് നീട്ടി നൽകുന്നതിന് കരാറുകാരുടെ അപേക്ഷ , നിർവഹണ ഉദ്യോഗസ്ഥന്റെ ശുപാർശ , ഭരണസമിതി തീരുമാനങ്ങൾ എന്നിവയൊന്നും താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലിൽ ഇല്ല ((ക്രമ നമ്പർ 3 ഒഴികെ).

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്. ഇക്കാര്യമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുകയോ കരാറുകാരിൽ നിന്നും താഴെ പറയുന്ന പിഴ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | കൂട്ടാട്ട് പറമ്പിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് (SO 172/25)<br>BRN- 24150552034900704436/25-9-24 - 148182<br>വൗച്ചർ- 22301092/31-3-24 - 550000 | **6987**<br>10.12.2023 - 9.3.2024 (1%)<br>5932<br>10.3.2024 – 17.3.2024 |

| | | | | |
|---|---|---|---|---|
| | | ഫണ്ട് - MG (R)<br>കരാർ തുക – 593205<br>അളവ് പുസ്തകം - E MB<br>കരാർ - 71/31.3.2023<br>കരാറുകാരൻ - ശ്രീ.MK .ഷംസുദ്ദീൻ<br>പൂർത്തീകരണ കാലാവധി - 8 മാസം (As Per LOA)<br>സ്ഥലം കൈമാറിയ തിയതി - 10.4.23<br>പൂർത്തീകരിക്കേണ്ട തീയ്യതി 9.12.2023<br>പൂർത്തീകരിച്ച തീയ്യതി - 17.3.24 | (2%)<br>1055<br>(11864x8/90) | |
| | 2 | ജയേഷ് സ്മാരക റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കൽ (SO 227/25)<br>വൗച്ചർ- XVFC/24-25/138/30-3-25 -297618<br>ഫണ്ട് - CFC<br>കരാർ തുക – 252225<br>അളവ് പുസ്തകം - E MB<br>കരാർ - 45/19.2.2024<br>കരാറുകാരൻ - ശ്രീ. മുകുന്ദൻ. പി<br>പൂർത്തീകരണ കാലാവധി - 6 മാസം (As Per LOA)<br>സ്ഥലം കൈമാറിയ തിയതി - 24.2.24<br>പൂർത്തീകരിക്കേണ്ട തീയ്യതി 23.8.2024<br>പൂർത്തീകരിച്ച തീയ്യതി - 24.3.25 | **9191**<br>24.8.2024 - 23.11.2024 (1%)<br>2522<br>24.11.24 – 23.2.25 (2%)<br>5044<br>24.2.25-24.3.25 (2%)<br>1625 (5044x29/90) | |
| | 3 | പുതിയ കടപ്പുറം കുടിവെള്ള പദ്ധതി (SO 204/25)<br>വൗച്ചർ- 22400913/14-3-25 – 991339<br>വൗച്ചർ- 22400865/5-3-25 - 15661<br>ഫണ്ട് - CFC<br>കരാർ തുക – 912239<br>അളവ് പുസ്തകം - E MB<br>കരാർ - 01/17.4.2023<br>കരാറുകാരൻ - ശ്രീ. യൂസഫ്. പി<br>പൂർത്തീകരണ കാലാവധി - 1 വർഷം(As Per LOA)<br>സ്ഥലം കൈമാറിയ തിയതി - 26.4.23<br>പൂർത്തീകരിക്കേണ്ട തീയ്യതി 25.4.2024<br>പൂർത്തീകരിച്ച തീയ്യതി - 20.2.25 | **49055**<br>50880 - 1825 (ഈടാക്കിയത്)<br>26.4.2024 - 25.7.2024 (1%)<br>9122<br>26.7.24 – 25.10.24 (2%)<br>18244<br>26.10.24-25.1.25 (2%)<br>18244<br>26.01.25-20.2.25 (2%)<br>5270<br>(18244x26/90) | |
| | 4 | പഞ്ചാരമൂല സബ്സെന്റർ ഗേറ്റ് , കവാടം, മറ്റ് അനുബന്ധ പ്രവൃത്തികൾ (SO 207/25)<br>BRN- 24150552034901718443/26-3-25 -140552<br>ഫണ്ട് - MG(NR)<br>കരാർ തുക – 169032<br>അളവ് പുസ്തകം - E MB<br>കരാർ - 32/2.12.2023<br>കരാറുകാരൻ - ശ്രീ. മുകുന്ദൻ. പി<br>പൂർത്തീകരണ കാലാവധി - 6 മാസം (As Per LOA)<br>സ്ഥലം കൈമാറിയ തിയതി - 12.12.23<br>പൂർത്തീകരിക്കേണ്ട തീയ്യതി 11.6.2024<br>പൂർത്തീകരിച്ച തീയ്യതി - 23.3.25 | **8901**<br>12.6.2024 - 11.9.2024 (1%)<br>1690<br>12.9.24 – 11.12.24 (2%)<br>3380<br>12.12.24-11.3.25 (2%)<br>3380<br>12.3.25-23.3.25 (2%)<br>451 (3380x12/90) | |
| | 5 | പുതിയ കുളം നവീകരണം (SO 200/25)<br>BRN- 24150552034901225724/25-1-25 - 499996<br>BRN- 24150552034901647418/22-3-25 - 637619<br>ഫണ്ട് - CFC<br>കരാർ തുക – 1119672<br>അളവ് പുസ്തകം - E MB | **16173**<br>24.11.2024 - 23.2.2025 (1%)<br>11197<br>23.2.2025 – 14.3.2025 (2%)<br>4976 | |

| | | |
|---|---|---|
| | കരാർ - 59/19.2.2024<br>കരാറുകാരൻ - ശ്രീ.MK .ഷംസുദ്ദീൻ<br>പൂർത്തീകരണ കാലാവധി - 9 മാസം (As Per LOA)<br>സ്ഥലം കൈമാറിയ തിയതി - 24.2.24<br>പൂർത്തീകരിക്കേണ്ട തീയ്യതി 23.11.2024<br>പൂർത്തീകരിച്ച തീയ്യതി - 14.3.25 | (22394x20/90) |
| | ആകെ | **90307** |

കുറിപ്പ് - ക്രമ നമ്പർ 3 പദ്ധതിയിൽ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം സാധാരണ ഫിൽറ്റർ സംവിധാനമാണ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിൽ ഓട്ടോ ഇലക്ട്രിക് കൺട്രോൾ യൂണിറ്റ്, ഓൺലൈൻ ക്ലോറിനേഷൻ , സാറ്റലൈറ്റ് കൺട്രോൾ സിസ്റ്റം എന്നിവയും വെള്ളം സംഭരിച്ച് ഫിൽറ്റർ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്ന വിധം ട്രീറ്റ്മെന്റ് പ്ലാന്റും ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്യുന്നതിന് 22.01.24 ലെ 5(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലയളവിലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ പറഞ്ഞ മോണോ ബ്ലോക്ക് മോട്ടോറിന് പകരം ബി.എൽ.ഡി.സി മോട്ടോർ ആക്കിയതിനാൽ ആയത് ലഭ്യമാവാത്തതിനാൽ പ്രവൃത്തി കാലാവധി 24.7.2024 വരെ നീട്ടി നൽകണമെന്ന് കരാറുകാരൻ ആദ്യം അപേക്ഷിച്ചിട്ടുണ്ട്. പിന്നീട് ഇതേ കാരണം പറഞ്ഞ് 23.10.2024 വരെയും , 23.10.2024 വരെയും, 22.1.2025 വരെയും, 21.3.2025 വരെയും നീട്ടി നൽകണമെന്ന് 4 തവണ കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. (അപേക്ഷകളിലൊന്നും തന്നെ തിയതി രേഖപ്പെടുത്തിയിട്ടില്ല). ആയതിൻമേൽ നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ഭരണ സമിതി തീരുമാനവും ഫയലിൽ ഇല്ല. പ്രവൃത്തിയിൽ പിഴയായി ഈടാക്കിയിട്ടുള്ളത് 1825 രൂപ മാത്രമാണ്. മെറ്റീരിയൽ ലഭിക്കാത്തത് കാരണം പ്രവൃത്തി സമയ പരിധിക്കകം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്നത് അംഗീകരിക്കുന്നില്ല. പ്രവൃത്തിക്കാവശ്യമായ മെറ്റീരിയലുകൾ ഉറപ്പ് വരുത്തേണ്ടത് കരാറുകാരന്റെ ബാധ്യതയാണ്. കരാറുകാരന്റെ കാരണങ്ങളാൽ പ്രവൃത്തി നീളുന്ന സാഹചര്യം ഉണ്ടായാൽ പിഴയോടു കൂടി സമയം അനുവദിക്കാവുന്നതാണ്. മേൽ പ്രകാരമുള്ള മുഴുവൻ തുകയും ഈടാക്കേണ്ടതുണ്ട്.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/5.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തികളുടെ ഫൈനൽ പേമെന്റ് അനുവദിച്ച ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തപ്പെടുന്നതാണ്.

## 1-43 റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി

**നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ**

ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി (DAR Code 7.1.1) ചെയ്തതിന് 7249.92/M3 (കോസ്റ്റ് ഇൻഡക്സ് 36.44%) നിരക്കാണ് നൽകിയിട്ടുള്ളത്. ഈ നിരക്ക് പ്രകാരമുള്ള പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | അങ്കണവാടി (No.130) ചുറ്റുമതിൽ നിർമ്മാണം (SO206/25)<br>മൂല്യനിർണ്ണയം - 87,000<br>ബിൽ -2415055203490063953З/7.9.24 – 87,000<br>കരാർ 47/19.12.2024<br>അളവ് പുസ്തകം - E MBook<br>കരാറുകാരൻ- ഷംസു. കെ.വി<br>കോസ്റ്റ് ഇൻഡക്സ് 36.44% (2018 DSR)<br>ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)<br>TS No.- 80318/23.12.23 – 87,000<br>Est.No-127957/2023 | 6.141 $M^3$ | 46739.15<br>@7611/$M^3$<br>(7249.92/ M3+4.98% (Tender Above)) | 45803.99<br>@7458.72/$M^3$<br>(7104.90/M3+4.98% Tender Above)) | 1103<br>(935.16+18%GST) |
| 2 | നിറമരുതൂർ UP School Toilet Complex (16/25)<br>മൂല്യനിർണ്ണയം - 290971 (Part Bill)<br>വൗച്ചർ - 22401130/31.3.25<br>കരാർ 47/22.1.2025<br>അളവ് പുസ്തകം - E MBook<br>കരാറുകാരൻ- ഷംസുദ്ദീൻ. എം.കെ | 9.538 $M^3$ | 69149.74<br>@7249.92/$M^3$ | 67766.53<br>@7104.90/$M^3$ | 1632<br>(1383.21+18%GST) |

| | | | | | |
|---|---|---|---|---|---|
| | കോസ്റ്റ് ഇൻഡക്സ് 36.44% (2018 DSR)<br>ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>TS No.- 44120/28.11.24 – 40,00,000<br>PRICE ID- 75744/2024 | | | | |
| 3 | കാളാട് സബ്സെന്റർ - ഹെൽത്ത് & വെൽനസ് സെന്റർ ആയി ഉയർത്തൽ (SO288/25)<br>മൂല്യനിർണ്ണയം - 299398 (Part Bill)<br>BRN - 24150552034901647434/22.3.25<br>കരാർ 42/14.1.2025<br>അളവ് പുസ്തകം - E MBook<br>കരാറുകാരൻ- ഷിബിൻ.കെ<br>കോസ്റ്റ് ഇൻഡക്സ് 36.44% (2018 DSR)<br>ഫണ്ട് - പ്ലാൻ (G) & സി.എസ്.എസ് ഫണ്ട്<br>TS No.- 43242/27.11.24 – 10,00,000<br>PRICE ID- 6891/2024 | 23.300 $M^3$ | 168922.67<br>@7249.92/$M^3$ | 165544.17<br>@7104.90/$M^3$ | 3987<br>(3378.50+18%GST) |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/5.11.25) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം.2,3 എന്നിവ പ്രകാരമുള്ള പ്രവൃത്തികളുടെ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ അധികം നൽകിയ തുക കുറവ് ചെയ്യേണ്ടതും ക്രമ നം.2 ലെ നഷ്ടം തിരിച്ചീടാക്കേണ്ടതുമാണ്. മരാമത്ത് പ്രവൃത്തികളിൽ ശരിയായ നിരക്ക് അനുവദിക്കേണ്ടതും അനാവശ്യ ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-44 മുട്ടഞ്ചേരി പാലം നിർമ്മാണം- ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് പണം അനുവദിച്ചു</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തി 6.11.25 തിയതിയിൽ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചു. പ്രവൃത്തികളിൽ ചെയ്യാത്ത ഇനം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചതായി ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രവൃത്തി | ചെയ്യാത്ത ഇനം | അനുവദിച്ച തുക |
|---|---|---|---|
| 1 | പ്രവൃത്തി - മുട്ടഞ്ചേരി പാലം നിർമ്മാണം<br>പ്രോജക്റ്റ് - SO290/25<br>ഫണ്ട് - Plan (G)<br>BRN- 24150552034901539040/ 14.3.25 – 93,452<br>എം. ബുക്ക് - E MB<br>കരാർ - 44/14.1.25<br>മൂല്യനിർണ്ണയം - 93,452<br>കരാറുകാരൻ - സിബിൻ. കെ<br>Cost Index -36.44% (DSoR 2018)<br>TS- 36915/16.11.24 –1,00,000<br>PRICE ID - 62696/2024 | ഇനം 9<br>( Name Board ) | **3215 രൂപ**<br>(2724.41+ 18% GST) |

പ്രവൃത്തിയിൽ ചെയ്യാത്ത ഇനത്തിന് കരാറുകാരന് പണം അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/6.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ (7.3.25) അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത (11.3.25) അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## <u>1-45 കാളാട് അങ്കണവാടി (നമ്പർ 105) അറ്റകുറ്റപണി - അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ മോട്ടോർ പമ്പ് സെറ്റ് പ്രവൃത്തിയിൽ സ്ഥാപിച്ചിട്ടില്ല.</u>

പ്രോജക്റ്റ് - SO219/25

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 22150552034900704439/25.9.24 - 93806

എം. ബുക്ക് - E Mbook

കരാർ - 40/31.1.24

മൂല്യനിർണ്ണയം - 93806

കരാറുകാരൻ - P.മുകുന്ദൻ

Cost Index -36.44% (DSoR 2018)

PRICE ID - 94286/2023

TS- 37111/11.9.23 --1,00,000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാളാട് അങ്കണവാടി (നമ്പർ 105) അറ്റകുറ്റപണി എന്ന പ്രവൃത്തിയുടെ അളവ് പുസ്തകം ഇനം 6 പ്രകാരം തുറന്ന കിണറിന് മോട്ടോർ (0.50 HP Submersible Motor Pump Set) പമ്പ് സ്ഥാപിച്ചതിന് 9553 (8096.01+18% GST) രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ സ്ഥാപിച്ചിട്ടുള്ളത് 0.50 HP Centrifugal Monobloc Pump Set ആണെന്ന് പ്രവൃത്തി 6.11.25 തിയതിയിൽ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. Submersible Motor Pump Set സാധാരണയായി തുറന്ന കിണറുകളിൽ വെള്ളത്തനടിയിലാണ് സ്ഥാപിക്കാറുള്ളത്. കാളാട് അംഗൻവാടിയിൽ മോട്ടോർ പമ്പ് സെറ്റ് കിണറിന് പുറത്താണ് സ്ഥാപിച്ചിട്ടുള്ളത്. Submersible Motor Pump Set ന് Centrifugal Monoblock Pump Set നേക്കാൾ വില കൂടുതലായതിനാൽ ഇത് വഴി കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/6.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വവരം അറിയിക്കേണ്ടതാണ്.

## 1-46 പ്രവൃത്തികളുടെ മേൽ ഇൻഷൂറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിന് ശേഷം കരാറുകാർക്ക് നൽകുന്ന Letter Of Acceptance ലെ വ്യവസ്ഥ 6 പ്രകാരം , ചെയ്യുന്ന പ്രവൃത്തിയുടെ മേൽ കരാറുകാരൻ ഇൻസുറൻസ് പരിരക്ഷ എടുക്കേണ്ടതുണ്ട്. ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനകം ഇൻസുറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ ബന്ധപ്പെട്ട അധികാരികൾക്ക് (എഞ്ചിനീയർ) സമർപ്പിക്കണം. ഇത് സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% കരാറുകാരന് അനുവദിക്കുന്ന ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഏതാനും പ്രവൃത്തികളിൽ പാലിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | കരാർ തുക | ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട തുക |
|---|---|---|---|
| 1 | പുതിയ കടപ്പുറം കുടിവെള്ള പദ്ധതി<br>(SO204/25)<br>വൗച്ചർ-22400913/14.3.25<br>തനത് ഫണ്ട്<br>കരാറുകാരൻ – യൂസുഫ്.പി | 912239 | 1824 |
| 2 | പുതിയ കടപ്പുറം കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം<br>(171/25)<br>വൗച്ചർ-22310432/24.10.24<br>തനത് ഫണ്ട്<br>കരാറുകാരൻ – യൂസുഫ്.പി | 553753 | 1108 |
| 3 | പതിയം കുളം നവീകരണം<br>(SO200/25)<br>BRN-24150552034901647418/22.3.25<br>പ്ലാൻ ഫണ്ട്<br>കരാറുകാരൻ – ഷംസുദ്ധീൻ.MK | 1119672 | 2239 |

അപാകതക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (25/5.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളുടെ ഇൻസുറൻസ് പരിരക്ഷ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ പരാമർശിച്ചിട്ടുള്ള തുകകൾ (ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട തുക) കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-47 അങ്കണവാടി (നമ്പർ 113) അറ്റകുറ്റപണി - അപാകത

പ്രവൃത്തി - അങ്കണവാടി (നമ്പർ 113) അറ്റകുറ്റപണി

പ്രോജക്റ്റ് - SO208/25

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR) & തനത് ഫണ്ട്

BRN- 24150552034900748173/ 5.10.24 – 72000

വൗച്ചർ - 22400545 /26.11.24 - 22979

എം. ബുക്ക് - E MB

കരാർ - 38/4.13.23

മൂല്യനിർണ്ണയം - 94,979

കരാറുകാരൻ - ഷംസു. കെ.വി

Cost Index -36.44% (DSoR 2018)

TS- 47880/4.10.23 –1,50,000

PRICE ID - 105801/2023

സ്ഥല പരിമിതിയുള്ള അങ്കണവാടി കെട്ടിടത്തിന്റെ ഹാൾ നീട്ടുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 94979 രൂപയുടെ പ്രവൃത്തികൾ (Latarite Work,Truss Work, Sheet Work) പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം ചെയ്തിട്ടുണ്ട്. എന്നാൽ Strictural Stability ഇല്ലാത്ത കെട്ടിടത്തിൽ പണി നടത്തിയത് കാരണം പ്രവൃത്തി നടക്കുന്ന വേളയിൽ തന്നെ കെട്ടിടത്തിന് വിള്ളൽ സംഭവിച്ചതിനാൽ പ്രവൃത്തി നിർത്തുന്ന സാഹചര്യമാണ് ഉണ്ടായത്. ചെയ്ത പ്രവൃത്തികൾക്ക് കരാറുകാരന് തുക നൽകി ഫൈനൽ ബിൽ അനുവദിച്ചു പ്രവൃത്തി നിർത്തി. പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടത്തിന്റെ പണി (MNREGS Fund) നടക്കുന്ന അവസ്ഥയിലാണ് 6.11.25 തിയതിയിൽ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചപ്പോൾ കണ്ടത്. പ്രവൃത്തി ചെയ്യാൻ ഉപയോഗിച്ച മെറ്റീരിയലുകൾ തൊട്ടടുത്ത വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. Structural Stability ഇല്ലാത്ത കെട്ടിടത്തിൽ പണി നടത്തിയത് കാരണം പ്രവൃത്തിക്ക് വേണ്ടി ചെലവഴിച്ച 94,979 രൂപ പാഴ്ചെലവായി പോയി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അപാകതക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (44/6.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും എല്ലാ അങ്കണവാടികളുടെയും ഫിറ്റ്നസ് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ പ്രവൃത്തി ചെയ്യാൻ ഉപയോഗിച്ച മെറ്റീരിയലുകൾ പുനരുപയോഗിക്കാൻ കഴിയുന്നത് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം ലേലം ചെയ്യേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയേക്കണ്ടതാണ്.

## 1-48 റോഡ് അനുബന്ധ പ്രവൃത്തി - എസ്റ്റിമേറ്റ് MoRD SORൽ തയ്യാറാക്കിയില്ല

ജയേഷ് സ്മാരക റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കൽ (ഡ്രൈനേജ് നിർമ്മാണം) (SO 227/25)

വൗച്ചർ- XVFC/24-25/138/30-3-25

ഫണ്ട് - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

മൂല്യനിർണ്ണയ തുക – 297618

അളവ് പുസ്തകം - E MB

കരാർ - 45/19.2.2024

കരാറുകാരൻ - ശ്രീ. മുകുന്ദൻ. പി

PRICE ID- 103047/2023

TS – 50651/11.10.23 - 300000

മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച പ്രവൃത്തികൾക്കും MORD SOR പ്രകാരവും മറ്റ് പ്രവൃത്തികൾക്ക് DSR SOR പ്രകാരവുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ **ജയേഷ് സ്മാരക റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കൽ (ഡ്രൈനേജ് നിർമ്മാണം) എന്ന** പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ റോഡ് അനുബന്ധ പ്രവൃത്തിയായ ടി പ്രവൃത്തിക്ക് DSR പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കണ്ടു.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/5.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റോഡ് പ്രവൃത്തികൾക്കും അതിനോടനുബന്ധിച്ച മറ്റ് പ്രവൃത്തികൾക്കും MORD SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-49 ഡ്രൈനേജുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഡ്രൈനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഡ്രൈനേജുകൾ നിർമ്മിക്കുന്നതിന് ശരാശരി 1 മീറ്റർ വീതിയിലും ആഴത്തിലും മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷത്തിൽ നടപ്പിലാക്കിയ മിക്ക ഡ്രൈനേജ് നിർമ്മാണ പ്രവൃത്തികളിലും മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തി | നീക്കം ചെയ്ത മണ്ണിന്റെ അളവ് |
|---|---|---|
| 1 | പഞ്ചാരമൂല വള്ളിക്കാഞ്ഞീരം റോഡ് ഡ്രൈനേജ് നിർമ്മാണം (SO202/25) | 3.766 $M^3$ |
| 2 | ലക്ഷം വീട് ഹോമിയോ ഡിസ്പൻസറി റോഡ് അങ്കണവാടി റോഡ് ഡ്രൈനേജ് നിർമ്മാണം (SO300/25) | 14.063 $M^3$ |
| 3 | ബാബു മാസ്റ്റർ റോഡ് വെള്ളക്കെട്ട് ഒഴിവാക്കൽ / ഡ്രൈനേജ് നിർമ്മാണം (SO215/25) | 30.612 $M^3$ |
| 4 | ലക്ഷം വീട് കോളനി റോഡ് ഡ്രൈനേജ് നിർമ്മാണം (SO332/25) | 5.550 $M^3$ |

പ്രവൃത്തികളിൽ മാനുവൽ (യന്ത്രങ്ങൾ ഉപയോഗിക്കാതെ മനുഷ്യ വിഭവശേഷി മാത്രം ഉപയോഗപ്പെടുത്തി) ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) അനുവദിക്കാമായിരുന്നു. മേൽ പരാമർശിച്ചിട്ടുള്ള റോഡുകൾക്ക് ശരാശരി 3 മീറ്റർ വീതിയുണ്ട് എന്ന് ആസ്തി രജിസ്റ്ററിൽ നിന്നും വ്യക്തമായി. തൻ വർഷത്തിൽ

ചെയ്ത ചില റോഡ് ഡ്രൈനേജ് നിർമ്മാണ പ്രവൃത്തികളിൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിച്ചിട്ടുള്ളത്.

ഉദാ:-1) മങ്ങാട് വള്ളിക്കാഞ്ഞീരം റോഡ് ഡ്രൈനേജ് നിർമ്മാണം (SO226/25)

2) പത്തമ്പാട് മദ്രസ്സ റോഡ് ഡ്രൈനേജ് നിർമ്മാണം (SO285/25)

MoRD Code 3.5.2 Or 3.5.3 -പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള യന്ത്രങ്ങൾ/ ഉപകരണങ്ങൾ സൈറ്റ് ഉപയോഗിക്കാൻ കഴിയില്ലെങ്കിൽ സാധാരണയായ മണ്ണ് നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്ന JCB/ Hitachi എന്നിവ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാമായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ആയത് പാലിച്ചിട്ടില്ല.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/5.11.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ചെയ്യുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ മേൽ നിർദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-50 എസ്.എസ്.കെ പദ്ധതി- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല-മറ്റ് അപാകതകൾ

പ്രൊജക്ട് : 60/25 എസ്.എസ്.കെ വിഹിതം അടവാക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

അടങ്കൽ - 6,00,000 (പൊതുവിഭാഗം സാധാരണ വിഹിതം )

ചെവവ് - 6,00,000/-(പൊതുവിഭാഗം സാധാരണ വിഹിതം)

BRN: 24150552048201516098/12-03-2025 : 6,00,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 6,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

2. 6,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി ലഭ്യമല്ല.

3. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51/7.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചിലവ് തുക 6,00,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന

നിറമരുതൂർ ഗ്രാമപ്പഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിൽ (എസ്റ്റാ.-ഡി) നിന്നുള്ള22.02.2025 ലെ സർക്കുലർ നമ്പർ എസ്റ്റാ.3-ഡി1/MEDNC2/13/24-ധന പ്രകാരമമുള്ള വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റ് എൻക്വയറി. നം.02/2024-25/30.10.2025 ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 19 | 71500 | 71500 | 0 | |
| | | | | |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ഇല്ല

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ഇല്ല

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

ഇല്ല

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-3 സംയുക്തപ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 557910 | ലൈഫ് ഭവന നിർമ്മാണം-എസ് സി 140/24-25 | 557910 | 0 |
| | 273449 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 98/24-25 | 273449 | |
| | 88100 | സുസ്ഥിര നെൽകൃഷി വികസനം – 51/24-25 | 88100 | 0 |
| | 1600000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ -59/24-25 | 1600000 | 0 |
| | 735100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-93/24-25 | 735100 | 0 |
| | 99963 | പരിരക്ഷ പദ്ധതി -149/24-25 | 99963 | 0 |
| | 616260 | ലൈഫ് ഭവന നിർമ്മാണം-എസ് സി 122/24-25 | 616260 | 0 |
| ജില്ലാ പഞ്ചായത്ത് | 675000 | ലൈഫ് ഭവന നിർമ്മാണം-എസ് സി 122/24-25 | 675000 | 0 |
| | 195000 | പട്ടികജാതി വിദ്യാർകൾക്ക് സ്കോളർഷിപ്പ്-63/24-25 | 195000 | 0 |
| | 4700000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ -59/24-25 | 4700000 | 0 |
| | 154800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-93/24-25 | 154800 | 0 |

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Secured Loans KURDFC | | - | 11206546 | 0 | 0 | 6797351 |
| Other Loans | | - | 9510000 | 0 | 0 | 9510000 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Other Loans HUDCO | | 2400000 | 28880000 | 0 | 0 | 31280000 |

## 4-7 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(2) | 2016-17 | അനുബന്ധം – 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി-നഷ്ടം-4750/രൂപ |
| | 2(3) | | | 2(3) സ്ഥാപന തൊഴിൽ നികുതി – പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക (₹) | അവശേഷിക്കുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/Spl.Cell/ Csc/2012 Dt. 25.07.2014 | 20,000 + Interest | 20,000 | WP(c)1156/17 High Court Of Kerala Interim Stay 12.01.17 |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99079183 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73352474 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65,16,880 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 48,800 | ശ്രീ. അനീഷ് കുമാർ, വി ഇ ഓ |
| 1-21 | 17,32,392 | ശ്രീ. അനീഷ് കുമാർ, വി ഇ ഓ |
| 1-22 | 65,000 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-23 | 7,50,360 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-24 | 2,12,931 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 1,22,300 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-26 | 45,817 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-28 | 2,66,100 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-29 | 45,958 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-30 | 3,75,000 | ശ്രീമതി. പ്രീത ടി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 31,500 | ഡോ. ഹാഷിം പി പി, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-33 | 4000 | ശ്രീ. ബോബി ഫ്രാൻസിസ്, സെക്രട്ടറി |
| | 6000 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-34 | 67,986 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-35 | 13,57,685 | ശ്രീ. സനിൽ കുമാർ ജി, സെക്രട്ടറി |
| 1-38 | 1,19,622 | ശ്രീമതി. അഞ്ജു, കൃഷി ഓഫീസർ |
| 1-39 | 5,95,429 | ശ്രീമതി. ശ്രീജ പി ജെ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-40 | 50,000 | ശ്രീമതി. വിബിത, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-41 | 20,000 | ഡോ. ഹാഷിം പി പി, മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| 1-50 | 6,00,000 | ശ്രീമതി. ലത, ഹെഡ്മാസ്റ്റർ |
| ആകെ | 65,16,880 | |

<u>സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

ഇല്ല

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.എം.പി.എം.16/2024/2022(1) തിയതി 21.10.2022 | 1 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/2024/2022(3) തിയതി 21.10.2022 | 4 |
| 2005-06 | കെ.എസ്.എ.എം.പി.എം.16/2024/2022(4) തിയതി 21.10.2022 | 1 |
| 2006-07 | കെ.എസ്.എ.എം.പി.എം.16/2024/2022(5) തിയതി 21.10.2022 | 1 |
| 2007-08 | കെ.എസ്.എ.എം.പി.എം.16/2024/2022(6) തിയതി 21.10.2022 | 4 |
| 2008-09 | കെ.എസ്.എ.എം.പി.എം.16/2024/2022(7) തിയതി 21.10.2022 | 10 |

| | | |
|---|---|---|
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.16/2024/2022(8) തിയതി 21.10.2022 | 3 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.16/2024/2022(9) തിയതി 21.10.2022 | 5 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2024/2022(10) തിയതി 21.10.2022 | 5 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം.16/234/2019 തിയതി 10.06.2019 | 17 |
| 2018-19 | കെ.എസ്.എ.എം.പി.എം.16/7/2020 തിയതി 08.09.2020 | 12 |
| 2019-20 | കെ.എസ്.എ.എം.പി.എം.16/1634/2021 തിയതി 17.10.2022 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം.16/1635/2021 തിയതി 12-04-2023 | 15 |
| 2021-22 | കെ.എസ്.എ.എം.പി.എം.16/379/23 തീയതി, 03-07-2023 | 3 |
| 2022-23 | കെ.എസ്.എ.എം.പി.എം.16/2023/23 തീയതി, 03-02-2024 | 41 |
| 2023-24 | കെ.എസ്.എ.എം.പി.എം.15/2237/24 തീയതി, 11-02-2025 | 32 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 15-07-2025 and submitted on 23-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Niramaruthoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Niramaruthoor Grama Panchayat as on 31-03-2025

**Date: 06/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Niramaruthoor Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1.The Asset Register has not been upto dated
2.The following mandatory financial statements prescribed in accounting rules are not submitted for audit.
Ratios
Notes on accounts
Comparative amounts
3.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4.It was not recorded consolidation in registers the accuracy with annual financial statement could not be verified

5.Bank statements and Reconciliation statements are not produced for Audit

6.The ACR and AFS for the items in grant heads are differed.
7.Details of Schedule RP 3 (R)[Rental income from panchayath properties] are not produced for Audit
8.The register of Licence fee for domestic dogs and pigs has not been upto dated.

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്